# ദഅ്വ എളുപ്പമാക്കാം

മൗലാന വഹീദുദ്ദീൻ ഖാൻ

പത്മഭൂഷൺ

വഹീദുദ്ദീൻ ഖാൻ

# ദഅവ എളുപ്പമാക്കാം

വിവർത്തനം:

കെ. കെ. ഹാഷിം

GOODWORD BOOKS

Maulana
Wahiduddin Khan's

Da'awa eluppamakkam
(Malayalam Translation)

Translated by:  K. K. Hashim

All rights reserved

Publishers: Goodword Books Kerala
Court Road, S M Street, Calicut-1
Mob: 81 29 538 666, 99 95 826 996
Email: keralagoodword@gmail.com
Web: www.keralagoodword.com

First Published: June 2018

# വഹീദുദ്ദീൻ ഖാൻ

**പ**ക്വമായ ചിന്തയും ആഴമുള്ള പാണ്ഡിത്യവും ശാസ്ത്ര വിഷയങ്ങളെ ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിലൂടെ വിശകലനം ചെയ്യാനുള്ള സിദ്ധിയും കൊണ്ട് ഇന്ത്യക്കകത്തും പുറത്തും പ്രസിദ്ധി നേടിയ ഗ്രന്ഥകാരനും പ്രഭാഷകനുമാണ് വഹീദുദ്ദീൻ ഖാൻ. ഇസ്‌ലാമിന്റെ മഷിയിൽ മുക്കി അദ്ദേഹം കുറിക്കുന്ന ഓരോ വരിയും പ്രപഞ്ച സ്രഷ്ടാവിലേക്ക് മനുഷ്യരെ അടുപ്പിക്കാൻ ഉതകുന്നതും ലോക സമാധാനത്തിന്റെ സന്ദേശമടങ്ങിയതുമാണ്.

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for peace and spirituality international (CPSI) എന്ന സംഘടനയുടെ സ്ഥാപകനാണ്. പത്മഭൂഷൺ, Demiurges peace international award, രാജീവ് ഗാന്ധി സദ്ഭാവനാ അവാർഡ്, മുസ്‌ലീം സമുദായത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സമാധാന പ്രയത്നങ്ങൾക്കുള്ള ഇമാം അൽ ഹസൻ അവാർഡ് (ദുബൈ) തുടങ്ങിയ പുരസ്കാരങ്ങൽ അദ്ദേഹത്തെ തേടിയെത്തി. ജോർദ്ദാനിലെ റോയൽ ഇസ്‌ലാമിക് സ്ട്രാറ്റജിക് സ്ടഡീ സെന്റർ മൗലാനയെ ലോകത്തെ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ 25 മുസ്‌ലീം ചിന്തകരിൽ ഉൾപ്പെടുത്തയിരിക്കുന്നു.

മൗലാനയുടെ കൃതികൾ 16 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആറ് വിദേശ യൂനിവേഴ്സിറ്റികളിലെ പാഠ്യപദ്ധതിയിൽ മൗലാനയുടെ കൃതികൾ ഉൾപ്പെടുന്നു. 1925 ആണ്ടിൽ ഉത്തർപ്രദേശിലെ അസംഗഡിലാണ് ജനനം.

**പരമ കാരുണ്യവാനായ ദൈവത്തിൻ നാമത്തിൽ...**

# അധ്യായങ്ങൾ


1. ഒരു മുസ്‌ലിമിന്റെ പദവി ... 9
2. എന്താണ് ദഅ്‌വാ പ്രവർത്തനം? ... 12
3. ദഅ്‌വാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം ... 14
4. ദഅ്‌വാ പ്രവർത്തനവും സാമുദായിക പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം ... 17
5. ദഅ്‌വാ പ്രവർത്തനത്തിനുള്ള മുൻ കരുതലുകൾ ... 19
6. അത്യുന്നതങ്ങളിലുള്ളവർ (ദഅ്‌വാ പ്രവർത്തകർ) ... 21
7. ദൈവാനുസരണവും ദൈവ സഹായവും ... 24
8. ഏറ്റവും വലിയ ബഹുമതി ... 27
9. ഒരു വലിയ ഉത്തരവാദിത്വം ... 30
10. പ്രശ്നങ്ങളെ അവഗണിക്കുക, അവസരങ്ങൾ ഉപയോഗപ്പെടുത്തുക ... 33
11. ദഅ്‌വയുടെ ആഗോള ലക്ഷ്യം ... 35
12. മുഖ്‌രിയുടെ ജോലി ... 37
13. ദിവ്യ രക്ഷ ... 39
14. പ്രവാചകന്റെ അനുയായികളുടെ ഉത്തരവാദിത്വം ... 41
15. ദഅ്‌വാ പ്രവർത്തനത്തിന്റെ മൂന്ന് തലങ്ങൾ ... 43
16. മധ്യദേശം ... 45
17. ദഅ്‌വയും ഇസ്‌ലാഹും ... 47
18. ദഅ്‌വാ പ്രവർത്തനത്തിനുവേണ്ട ഉപാധികൾ ... 49
19. ദഅ്‌വയും സഹിഷ്ണുതയും ... 51
20. സാർവ്വത്രിക ദൗത്യം ... 53

21. പ്രവാചകന്റെ അനുയായികളുടെ പദവി ..... 55
22. ഇഖ്‌വാന്റെ ജോലി ..... 57
23. ദഅവാ പ്രവർത്തനം ഇന്ത്യയിൽ ..... 59
24. സാഹിത്യത്തിലൂടെയും ആശയ വിനിമയ മാർഗ്ഗത്തിലൂടെയുമുള്ള ദഅവാ പ്രവർത്തനം ..... 61
25. ഖുർആൻ ഒരു ദഅവാ ഗ്രന്ഥം ..... 63
26. ദഅവയും പ്രാർത്ഥനയും ..... 66
27. ദഅവക്ക് വേണ്ടിയുള്ള കുടിയേറ്റം ..... 68
28. ഒരു പുതിയ ദഅവാ സാധ്യത ..... 70
29. സത്യം മറച്ചുവെക്കൽ ..... 72
30. ദഅവ ഒറ്റനോട്ടത്തിൽ ..... 74

# 1

# ഒരു മുസ്‌ലീമിന്റെ പദവി

**പ**ദവി പരിഗണിക്കുമ്പോൾ ഒരു മുസ്‌ലീം, ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്ന “ദാഇ”യും അവന് ചുറ്റുമുള്ളവർ ദൈവത്തിലേക്ക് ക്ഷണിക്കപ്പെടുന്ന “മദഉ”വും ആകുന്നു. അന്ത്യ വേദമായ ഖുർആന്റെ സംരക്ഷകരായാണ് ദൈവം മുസ്‌ലീങ്ങളെ നിയോഗിച്ചത്. അതിനാൽ, ഖുർആനിക സന്ദേശം ജനങ്ങളി ലേക്ക് എത്തിക്കുക എന്നത് ഒരു മുസ്‌ലീമിന്റെ കർത്തവ്യമാണ്. അത് നിറവേറ്റുന്നതിലാണ് അവന്റെ ഇഹപര വിജയം നിലകൊ ള്ളുന്നത്.

അത് ഒരു നിസ്സാര കാര്യമല്ല. വളരെ മൃദുവായി കൈകാര്യം ചെയ്യപ്പെടേണ്ട ഒരു ദൈവിക ചുമതലയാണ്. ആ ഉത്തരവാദിത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കിയാലേ ആ കർത്തവ്യം ഗൗരവ പൂർവ്വം നിർവ്വഹിക്കുവാനും ആജീവ നാന്തം അത് ഉപയോഗപ്പെടുത്തുവാനും സാധിക്കുകയുള്ളു. മത പ്രബോധന പ്രവർത്തനം അതിന്റെ തനത് സ്വഭാവത്തിലൂടെ മാത്രമെ നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളു. അല്ലാതുള്ളത് മാതൃത്വം ഇല്ലാത്ത ഒരു സ്ത്രീ മാതാവായി പ്രവർത്തിക്കുന്നതു പോലെയായിരിക്കും.

ഖുർആനിൽ പറഞ്ഞതുപ്രകാരം ദഅവാ പ്രവർത്തനം തുട ങ്ങേണ്ടത് ആത്മാർത്ഥതയോടും സത്യസന്ധതയോടും കൂടെ ആയിരിക്കണം. അതായത്, ദാഇയുടെ പ്രവർത്തനം മദഉവിന്റെ ഏകപക്ഷീയമായ നന്മ ഉദ്ദേശിച്ചായിരിക്കണം. മത പ്രബോധന വിഷയത്തിൽ മദഉവിന്റെ നന്മ മാത്രമെ ദാഇയുടെ മനസ്സിൽ വരാൻ പാടുള്ളു. മദഉവിനെ കുറിച്ചുള്ള നിഷേധാത്മകമായ നില

പാടുകളിൽ നിന്ന് ദാഇ പൂർണ്ണമായി സ്വതന്ത്രനായിരിക്കുകയും വേണം. അതിനെ, ഏകപക്ഷീയമായ ഗുണകാംക്ഷ എന്നുവിളിക്കാം. ആ ഏകപക്ഷീയ ഗുണകാംക്ഷയിലൂടെ അല്ലാതെ ദാഇക്ക് മത പ്രബോധന കർത്തവ്യം യഥാവിധി നിർവ്വഹിക്കാനാവില്ല.

മനുഷ്യൻ മനുഷ്യൻ തമ്മിലും സമൂഹം സമൂഹം തമ്മിലും സ്വരച്ചേർച്ച ഇല്ലാത്ത അശാന്തമായൊരു സ്ഥിതിയാണ് സമകാല ലോകത്തിന്റേത്. അത് പ്രകൃതീ നിയമമാണ്. അതിന് ഭംഗം വരുത്താൻ ആരാലും സാധ്യമല്ല. ഒരാൾ തന്റെ ഏകപക്ഷീയ നിലപാടിൽ ഉറച്ചുനിന്നാൽ മാത്രമെ അയാൾക്ക് മദഉവിന്റെ ഏകപക്ഷീയ ഗുണകാംക്ഷി ആകാൻ സാധിക്കൂ. ജനങ്ങളോടുള്ള ദാഇയുടെ സമീപനം രൂപപ്പെടേണ്ടത് അയാളുടെ തനത് ആദർശ്ശത്തിൽ ഊന്നിനിന്നാവണം. മറിച്ച്, മറ്റുള്ളവരുടെ പ്രവർത്തികളിലൂടെ ആകാൻ പാടില്ല. പ്രവർത്തിയുടെ പരിണത ഫലത്തെക്കുറിച്ച് അയാളുടെ ഹൃദയം സ്വതന്ത്രമായിരിക്കുകയും വേണം.

ദാഈ പദവി ഉള്ളവരാണ് മുസ്‌ലീങ്ങൾ. അതിനാൽ, പരസ്പരം കുറ്റം ആരോപിക്കാനും പ്രതിഷേധിക്കാനും അവർക്ക് അവകാശമില്ല. മത പ്രബോധന വിഷയത്തിൽ പ്രതിഷേധത്തിനും ആരോപണത്തിനും സ്ഥാനമില്ല. കാരണം, ആർക്കുനേരെയാണോ പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നത് അവർ തന്നെയാണ് മുസ്‌ലീങ്ങളുടെ മദഉ. മുസ്‌ലീങ്ങൾക്ക് ജനങ്ങളോടുള്ള ബന്ധം സൗഹാർദ്ദപരമായിരിക്കണം. അത്തരം സാഹചര്യങ്ങളിലേ ദഅ്‌വാ പ്രവർത്തനം സാധ്യാമാകൂ. അമുസ്‌ലീങ്ങളും മുസ്‌ലീങ്ങളും തമ്മിൽ നല്ല ബന്ധമില്ലെങ്കിൽ ദഅ്‌വാ പ്രവർത്തനം സാധ്യമാകില്ല. വിശുദ്ധ ഖുർആനിൽ അക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്:

*സത്യ നിഷേധികളെയും കപട വിശ്വാസികളെയും നീ അനുസരിച്ചുപോകരുത്. അവരുടെ ദ്രോഹം നീ അവഗണിക്കുകയും അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുക. കൈകാര്യ കർത്താവായി അല്ലാഹു മതി. (33:48)*

ഒരാൾ തന്റെ ആവശ്യങ്ങൾ ദൈവത്തോടുമാത്രമെ ബോധിപ്പിക്കാവൂ. അയാൾ ദൈവത്തോട് മാത്രമെ പ്രാർത്ഥിക്കാവൂ. പ്രതിഷേധവും അവകാശപ്പെടലും അയാൾ ഉപേക്ഷിക്കണം. അതിനാലാണ് ഓരോ നബിയും തന്റെ ജനങ്ങളോട് പറഞ്ഞത്:

*ഇതിന്റെ പേരിൽ ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോക രക്ഷിതാവിങ്കൽ നിന്ന് മാത്രമാകുന്നു. (26:180)*

ആവശ്യങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം ഭൂതപാരമ്പര്യത്തിന് എതിരാണെന്ന്, മുകളിൽ ഉദ്ധരിച്ച സൂക്തം വ്യക്തമാക്കുന്നു.

## 2

# എന്താണ് ദഅവാ പ്രവർത്തനം?

ദഅവാ പ്രവർത്തനത്തിന് ദൈവത്തിലേക്കുള്ള ക്ഷണം എന്നാണ് വിശുദ്ധ ഖുർആൻ നല്കുന്ന അർത്ഥം. അതിന്റെ ഉദ്ദേശ്യം, ജനങ്ങളെ തങ്ങളുടെ സ്രഷ്ടാവിലേക്കും പരിപാലകനിലേക്കും അടുപ്പിക്കുക എന്നതാണ്. ദൈവത്തിലേക്ക് ക്ഷണിക്കുക എന്നാൽ, ജനങ്ങളോട് ഈ ഭൂമിയിലെ തങ്ങളുടെ ശരിയായ ജീവിത മാർഗ്ഗം ഒരു യഥാർത്ഥ ഈശ്വര വിശ്വാസി ആയിക്കൊണ്ടുള്ളതാണെന്ന് ബോധിപ്പിക്കലാണ്.

ദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നാൽ സ്വാർത്ഥ ജീവിതം വരുത്തിവെക്കുന്ന വിനകളെക്കുറിച്ച് താക്കീത് നല്കലും അതുവഴി ഭക്തിയിൽ അധിഷ്ഠിതമായ ഒരു ജീവിത രീതി തിരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിക്കലുമാണ്. ആധികാരികവും വിശ്വാസ യോഗ്യവും ഇഹപര ജീവിതത്തെ കുറിച്ചുള്ള ദിവ്യ പാഠങ്ങൾ അടങ്ങിയതും അറിവിന്റെ ഉറവിടവുമായ വിശുദ്ധ ഖുർആൻ നമുക്കുവേണ്ടി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിലേക്ക് ക്ഷണിക്കുക എന്നത് തികച്ചും വ്യത്യസ്തമായൊരു ജീവിത ശൈലി പിന്തുടരാൻ ക്ഷണിക്കലാണ്. കാരണം, ആ ക്ഷണത്തിന് ദേശീയമോ സാമൂഹ്യമോ സാമ്പത്തികമോ ആയ വിഷയങ്ങളുമായി നേരിട്ട് ബന്ധമില്ല. അത് ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്ന പ്രചാരണ പ്രവർത്തനമാണ്. ആത്മീയവും മതപരവുമായ ഭാഷാ ശൈലിയിൽ അത് ആരംഭിക്കുകയും അവസാനം വരെ അതേ രീതിയിൽ തുടരുകയും ചെയ്യുന്നു.

ചുരുക്കത്തിൽ, ദൈവത്തിലേക്കുള്ള ക്ഷണം ജനങ്ങളാൽ നിർവ്വഹിക്കപ്പെടുന്ന ദിവ്യ ദൗത്യമാണ്. ആത്മീയമായ വഴിയി

ലൂടെ ആയിരിക്കണം അത് നിർവ്വഹിക്കേണ്ടത്. പ്രസ്തുത മാർഗ്ഗം വെടിഞ്ഞുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും ദൈവത്തിന്റെ പേരിൽ ആണെങ്കിൽ പോലും ദൈവത്തിലേക്കുള്ള യഥാർത്ഥ ക്ഷണം ആയിരിക്കുകയില്ല.

ദേശീയമോ രാഷ്ട്രീയമോ ആയ ദിശയിലേക്ക് ജനങ്ങളുടെ ശ്രദ്ധ തിരിക്കുക എന്നതല്ല ദഅവാ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളെ ദൈവത്തിലേക്ക് നയിക്കുന്ന ആ യജ്ഞത്തിന് സമാനതകളില്ല. അതുകൊണ്ടുതന്നെ അത് ശരിയായ നിലപാടിലൂടെ നിർവ്വഹിക്കപ്പെടേണ്ടതാണ്.

അതിന്റെ പ്രഥമ ഉദ്ദേശ്യം, സ്രഷ്ടാവിന്റെ സൃഷ്ടിസംവിധാനത്തെ മനുഷ്യന് പരിചയപ്പെടുത്തലാണ്. ദൈവവുമായി മനുഷ്യനുള്ള ബന്ധം എപ്രകാരമാണെന്നും ഭാവി ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടൽ ഏതുരീതിയിൽ ആയിരിക്കുമെന്നും അവനോട് പറയണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അത് ദൈവത്തെ മനുഷ്യന് പരിചയപ്പെടുത്തുന്നതുപോലെയാണ്. ആലസ്യത്തിൽ ആണ്ടുപോയ മനുഷ്യാത്മാക്കളെ ഉണർത്തലും മനുഷ്യർ വെച്ചുപുലർത്തുന്ന ദാസ്യമനോഭാവം തിരിച്ചറിയാൻ പ്രേരിപ്പിക്കലും അതുവഴി ദൈവത്തിലേക്ക് അടുക്കാനുള്ള താത്പര്യം ജനിപ്പിക്കലുമാണ് അതിന്റെ ലക്ഷ്യം.

ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്നത് മനുഷ്യൻ ദൈവവുമായി നേരായ ബന്ധം സ്ഥാപിച്ച് അതുവഴി ദൈവത്തിന്റെ ആത്മീയ അനുഗ്രഹങ്ങൾ ലഭിക്കാൻ മനുഷ്യനെ പ്രാപ്തനാക്കുക എന്നതാണ്. അങ്ങനെ അവന്റെ ഹൃദയവും മനസ്സും ദിവ്യ വെളിച്ചത്താൽ പ്രകാശ പൂരിതമാകും. അതുവഴി അവന്റേതായിട്ടുള്ളതെല്ലാംതന്നെ ദൈവാനുഗ്രഹത്താൽ നിറയും.

## 3

# ദഅവാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം

**ആ**ലസ്യത്തിൽ മുങ്ങിപ്പോയ ആത്മാക്കളെ ഉണർത്തി ദൈവത്തിലേക്ക് ക്ഷണിക്കലാണ് ദഅവാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. ദൈവത്തിലേക്കുള്ള ശരിയായ പാതയിലേക്ക് നഷ്ടാത്മാക്കളെ നയിക്കലാണത്. ഉൾവെളിച്ചം കിട്ടിയ ആത്മാവ് ഉണരുന്നതോടെ ഈ വിശാല ലോകത്തിലെ ഈശ്വര ദൃഷ്ടാന്തങ്ങൾ അതിന് കാണുവാൻ കഴിയുന്നു. സൃഷ്ടിയുടെ കണ്ണാടിയിൽ സ്രഷ്ടാവിനെ അനാവരണം ചെയ്യലാണത്.

ഭൂമിയിൽ ജീവിക്കുമ്പോൾത്തന്നെ മനുഷ്യൻ ഒരു പരലോക വാസിയായി മാറണമെന്നുകൂടി ദഅവ ലക്ഷ്യമാക്കുന്നുണ്ട്. അങ്ങനെ മഹത്വമാർന്ന ഈ ലോകത്ത് അതിനെക്കാൾ മഹത്വമാർന്ന ദൈവത്തെ അവൻ കണ്ടെത്തുന്നു. ഐഹിക സുഖത്തിൽ നിന്ന് ഈശ്വരാനുഗ്രഹം അവൻ അനുഭവിച്ചുതുടങ്ങുന്നു. ജീവിത ദുരിതങ്ങളിലൂടെ നരക യാതനകൾ അവനെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

ആ ദൗത്യത്തിന്റെ ലക്ഷ്യം മനുഷ്യന്റെ ദൈവ സ്മരണ ഉണർത്തലാണ്. ദൈവത്തിന്റെ അപാര സിദ്ധിക്കുമുമ്പിൽ സൃഷ്ടി തന്റെ ശക്തിദൗർബ്ബല്യം തിരിച്ചറിയും. അദൃശ്യമായ തിരശ്ശീല വീഴുന്നതിനുമുമ്പ് അവൻ ദൈവത്തെ കാണും. ദൈവത്തെ നേരിട്ട് കണ്ടെത്തുന്നതിനുമുമ്പ് അവൻ ദൈവത്തെ പരോക്ഷമായി അനുഭവിച്ചറിയും.

യഥാർത്ഥ പരലോകത്തിന്റെ മിന്നാട്ടം സുന്ദരമായ ഈ മഹാ പ്രപഞ്ചത്തിന്റെ ദൃശ്യങ്ങളിൽ അവന് കാണാൻ കഴിയും. ദഅവയുടെ യഥാർത്ഥ ഉദ്ദേശ്യം അതാണ്. മാത്രവുമല്ല, അത്തരം

വ്യക്തിത്വങ്ങളെ വാർത്തെടുക്കുന്നതിലാണ് യഥാർത്ഥ ദാഇയുടെ വിജയ രഹസ്യം കുടികൊള്ളുന്നത്. വിശുദ്ധ ഖുർആനിൽ പറയുന്നു:

*ദൈവം മനുഷ്യനെ ഏറ്റവും നല്ല മൂശയിലാണ് വാർത്തെടുത്തത്. പിന്നീട് അവനെ അധമരിൽ അധമനായി തരം താഴ്ത്തി.*

ദഅ്വയുടെ ധർമ്മം വ്യക്തിയെ തന്റെ യഥാർത്ഥ അവസ്ഥയിലേക്ക് കൊണ്ടുവരാനും സ്വർഗ്ഗത്തിൽ പുനപ്രവേശനം ലഭിക്കാനും ദൈവാനുഗ്രഹത്തിന്റെ സംരക്ഷണ വലയത്തിൽ കൊണ്ടുവരാനും അവനെ സഹായിക്കുക എന്നതാണ്.

ദൈവത്തിൽ നിന്ന് അകന്ന മനുഷ്യൻ, വെള്ളത്തിൽ നിന്ന് എടുത്ത് മരുഭൂമിയിലേക്ക് വലിച്ചെറിയപ്പെട്ട മത്സ്യത്തെപ്പോലെയാണ്. ആ മത്സ്യം അതിന്റെ ആവാസ വ്യവസ്ഥയിൽ നിന്ന് മുഴുവനായും എടുത്തുമാറ്റപ്പെടുമ്പോൾ അത് അതിവേഗം ചത്തുപോകുന്നു. എത്രയും വേഗം വെള്ളത്തിലേക്കുതന്നെ തിരിച്ചെത്തിക്കലാണ് അതിനെ സഹായിക്കാനുള്ള ഏറ്റവും നല്ല എളുപ്പവഴി.

അതുപോലെ മനുഷ്യൻ സ്വർഗ്ഗ നിവാസിയാണ്. ഒരു അജ്ഞാതമായ ആദർശ്ശ ലോകം കണ്ടെത്താൻ അവന് വലിയ തിടുക്കമാണ്. ആ ആദർശ്ശ ലോകത്തിന് പിന്നാലെ മനുഷ്യൻ ഓടുകയാണ്. ലൗകിക സുഖം ഒന്നല്ലെങ്കിൽ മറ്റൊന്ന് തേടി അവൻ വീണ്ടും വീണ്ടും കുതിക്കുകയാണ്. ജീവിത കാലം അത്രയും പാടുപെട്ട് ഒടുവിൽ പരാജയപ്പെട്ടുപോകുന്ന അവൻ വിഭാവനം ചെയ്ത അജ്ഞാതമായ ആദർശ്ശ ലോകം ഒരുപക്ഷെ അതായിരിക്കാം. അത് കണ്ടെത്താതെ ഒടുവിൽ അവൻ ഈ ലോകത്തോട് വിട പറയുന്നു.

അവിടെയാണ് ഒരു ദാഇ (ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്ന ആൾ) തന്റെ ദൗത്യം യഥാവിധി നിർവ്വഹിക്കേണ്ടത്. മനുഷ്യൻ അന്വേഷിച്ചുകൊണ്ടിരിക്കുന്ന ആദർശ്ശ ലോകം ദൈവവും അവന്റെ സ്വർഗ്ഗ ലോകവും അല്ലാതെ മറ്റൊന്നും അല്ലെന്ന് അവനോട് പറയുക. അവന് ആദർശ്ശ ലോകം കണ്ടെത്താനുള്ള പ്രാപ്തി നല്കാൻ ദൈവത്തിനുമാത്രമെ സാധിക്കൂ. ദൈവത്തിനെ കണ്ടുമുട്ടുമ്പോൾ മാത്രമെ അത് സാധ്യമാവൂ.

സ്വർഗ്ഗ ലോകത്ത് എത്തിച്ചേരുമ്പോൾ മാത്രമാണ് അവൻ പരമമായ ആനന്ദം അനുഭവിക്കുന്നത്. ഏതുലോകത്തിനുവേണ്ടിയാണോ താൻ കാലമിത്രയും പ്രയത്നിച്ചത് ആ ലോകം അവൻ

അവിടെ കാണും.

അവ്വിധം ആകണം ഓരോ മുനുഷ്യനെയും ദാഇ (മനുഷ്യനെ ദൈവത്തിലേക്ക് ക്ഷണിക്കുന്നവൻ) ലക്ഷ്യമിടേണ്ടത്. ദാഇ ഓരോ മനുഷ്യനെയും സമീപിക്കേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ലോക ജനസംഖ്യ എഴുന്നൂറുകോടി ആണെങ്കിൽ ദാഇ അത്രയും എണ്ണം ദൗത്യം നിർവ്വഹിച്ചിരിക്കണം. സർവ്വരെയും സ്വർഗ്ഗ ലോകത്ത് എത്തിക്കാൻ പരിശ്രമിക്കണം. മനുഷ്യരുടെ ആ വഴികാട്ടിയുടെ പേരാണ് ദാഇ; അഥവാ, ദൈവത്തിലേക്ക് ക്ഷണിക്കുന്നവൻ ആരോ അവൻ. അയാൾ വഴിതേടി അലയുന്ന സാർത്ഥ വാഹക സംഘത്തിന് വഴികാട്ടിയായി നിൽക്കുന്ന വഴിയോരത്തെ ദീപസ്തംഭം ആകുന്നു.

4

# ദഅവാ പ്രവർത്തനവും സാമുദായിക പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം

ദഅവാ പ്രവർത്തനം സാമുദായിക പ്രവർത്തനത്തിൽ നിന്ന് തുലോം വ്യത്യസ്തമാണ്. ഓരോന്നിനും അതിന്റേതായ പ്രാധാന്യമുണ്ട്. അവ തമ്മിലുള്ള പ്രധാന വ്യത്യാസം, സാമുദായിക പ്രവർത്തനം ഉരുത്തിരിയുന്നത് സമകാല ലോക ജീവിതം പടുത്തുയർത്തുന്നതിന്റെ കാഴ്ചപ്പാടിൽ നിന്നാണ്. എന്നാൽ, ദഅവാ പ്രവർത്തനം രൂപപ്പെടുന്നത് പരലോക ജീവിതം നിർമ്മിക്കുന്നതിന്റെ നിലപാടുകളിൽ നിന്നാണ്.

ദഅവാ പ്രവർത്തനം ഇന്ന് ശരിയാം വിധം നിർവ്വഹിക്കുന്ന മുസ്ലീങ്ങൾ വളരെ വിരളമാണ്. എന്നാൽ, പല രാജ്യങ്ങളിലും മുസ്ലീങ്ങൾ വലിയൊരു അളവിൽ സാമുദായിക പ്രവർത്തനം നടത്തിവരുന്നുണ്ട്. വിദ്യാഭ്യാസം, സാമ്പത്തികം, സാമുദായികം, ദുരിതാശ്വാസം, സാമൂഹ്യ ക്ഷേമം, ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്ന പരിഹാര മാർഗ്ഗം എന്നിവ അവരുടെ പ്രവർത്തന മേഖലകളിൽ പെടുന്നു.

അത്തരം സേവനങ്ങൾക്കാണ് സാമുദായിക പ്രവർത്തനം എന്ന് പറയുക. വർഗ്ഗ, ദേശ ഭേദമന്യേ സർവ്വരും എല്ലാ കാലത്തും എല്ലാ പ്രായത്തിലും വലിയൊരു അളവിൽ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ട്. സമൂഹത്തിൽ ഒരു സമുദായത്തിന്റെ ജനസംഖ്യ ഗണ്യമായ തോതിൽ വർദ്ധിക്കുമ്പോൾ അതിലെ ഓരോ വ്യക്തിയിലും ദേശാഭിമാനം ഉടലെടുക്കുക സ്വാഭാവികമാണ്. സമുദായം ശക്തി പ്രാപിക്കണമെന്നും വികസിക്കണമെന്നും പുരോഗതി കൈവരിക്കണമെന്നും ദേശീയ

സാംസ്കാരിക സ്വത്വം കൈവരിക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.

തൽഫലമായി സമുദായത്തിലെ ഓരോ അംഗവും സ്വസമുദായ ഉന്നമനം ആഗ്രഹിച്ചുകൊണ്ട് സൽപ്രവർത്തനങ്ങളിൽ വ്യാപൃതനാകുന്നു. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പ്രേരണകളിൽ ഒന്ന് ജനങ്ങൾക്കിടയിൽ പ്രചാരവും പ്രസിദ്ധിയും ലഭിക്കണമെന്ന ആഗ്രഹമാണ്. അതുവഴി ആദരവും ബഹുമാനവുമുള്ള പദവി ലഭിക്കുന്നു. മാധ്യമങ്ങളിൽ അവർക്ക് സ്ഥാനം ലഭിക്കുന്നു. അവരെ കുറിച്ച് മാധ്യമങ്ങളിൽ നല്ല നല്ല വാക്കുകൾ അച്ചടിച്ചുവരികയും ചെയ്യുന്നു.

എന്നാൽ ഖുർആനും ഹദീസും പ്രകാരം വിധീ ദിനം അത്തരം സാമുദായിക പ്രവർത്തനങ്ങൾ ദൈവത്തിന്റെ തുലാസിൽ കനം തൂങ്ങുകയില്ല. പകരം വിധീ ദിനം രണ്ട് കാര്യങ്ങൾ മാത്രമായിരിക്കും കനം തൂങ്ങുക. ഒന്ന്, ശക്തിദൗർബ്ബല്യം. മറ്റേത് ദഅവാ പ്രവർത്തനം; അഥവാ, ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കൽ. സർവ്വ ശക്തനായ ദൈവവുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന ഒരാളുടെ നിസ്സഹായാവസ്ഥയും ശക്തി ഇല്ലായ്മയുമാണ്, ശക്തി ദൗർബ്ബല്യം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ കാഴ്ചപ്പാടിൽ ഏറ്റവും വിലപ്പെട്ട കാര്യം അടിമയുടെ ശക്തിദൗർബ്ബല്യമാണ്. യഥാർത്ഥത്തിൽ ആ പ്രകടനം ഉള്ളിലെ തിരിച്ചറിവാണ്. അല്ലാതെ, ചില വാക്കുകളുടെ തുടർച്ചയായുള്ള ഉരുവിടൽ അല്ല.

ദഅവാ പ്രവർത്തനത്തിന് ഖുർആൻ ഉപയോഗിച്ച പദം, ദഅവാ ഇലല്ലാ എന്നാണ്. അഥവാ, ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കലും ജനങ്ങളുടെ മേൽ സാക്ഷ്യം വഹിക്കലുമാണത്. അതേ ചുമതല തന്നെയാണ് ദൈവദൂതന്മാർ ഓരോ കാലത്തും ദേശത്തും ശരിയായ രീതിയിൽ ദിവ്യ സന്ദേശമായി എത്തിച്ചത്. ആ പ്രവർത്തനം ഓരോ സമയത്തും സ്ഥലത്തും ആവശ്യമാണ്. അതുകൊണ്ട്, ദഅവാ പ്രവർത്തനം അവിരാമമായി തുടരേണ്ടത് അത്യാവശ്യമാണ്. കാരണം, ഒരാളുടെ ശക്തിയില്ലായ്മയിൽ ഇടപെടാത്ത വിശ്വാസം അത് ശരിയായ വിശ്വാസമായിരിക്കില്ല. അതുപ്രകാരം ദഅവാ പ്രവർത്തനം നിർവ്വഹിക്കാത്ത ഒരാളുടെ വിശ്വാസം സംശയം ജനിപ്പിക്കുന്നതായിരിക്കും.

# 5

# ദഅവാ പ്രവർത്തനത്തിനുള്ള മുൻ കരുതലുകൾ

**വി**ശ്വാസികളുടെ ധാർമ്മിക ബാധ്യതയാണ് ദഅവാ പ്രവർത്തനം. ദഅവാ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, ദിവ്യ സന്ദേശം ഇനിയും എത്താത്തവർക്ക് എത്തിച്ചുകൊടുക്കലാണ്. ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്, ഒരു മുസ്‌ലീം അല്ലെങ്കിൽ ദാഇ മുസ്‌ലീങ്ങൾക്കിടയിൽ നടത്തുന്ന പ്രവർത്തനം ദഅവ ആയി പരിഗണിക്കില്ല. അതിന്, ഇസ്‌ലാഹ് എന്നാണ് പറയുക. എന്നിരുന്നാലും അത്തരം പ്രവർത്തനങ്ങൾക്കും ദൈവിക പരിവേഷമുണ്ട്; ദഅവാ പ്രവർത്തനം അല്ലെങ്കിൽപ്പോലും. ദൈവത്തിന്റെ സൃഷ്ടിസംവിധാനത്തെ കുറിച്ച് അറിയാതെ അലക്ഷ്യമായി ജീവിതം നയിക്കുന്നവരെ ദൈവത്തിലേക്ക് ക്ഷണിക്കലാണ് ദഅവ.

എങ്ങനെയാണ് അമുസ്‌ലീങ്ങളിലേക്ക് ദിവ്യ സന്ദേശം എത്തിക്കാൻ കഴിയുക? എന്നൊരു ചോദ്യം ന്യായമായും അവിടെ ഉയർന്നുവന്നേക്കാം. ഇസ്‌ലാഹീ പ്രവർത്തകർക്ക് ആവശ്യമുള്ളവരെ പള്ളികളിൽ വെച്ചും മത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വെച്ചും വേറെ പലതിനുമായി ഒത്തുകൂടുന്ന അവസരങ്ങളിൽ വെച്ചും സമീപിക്കാം. എന്നാൽ ദഅവാ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നവരെ, അഥവാ ദൈവത്തിന്റെ പാത കാണിച്ചുകൊടുക്കേണ്ട അമുസ്‌ലീങ്ങളെ പള്ളിയിലോ മത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മറ്റ് ഒത്തുചേരലുകളിലോ വെച്ച് സമീപിക്കാൻ സാധിച്ചെന്നുവരില്ല. അവരുടെ സ്വന്തം കൂട്ടായ്മകളിലും ആഘോഷങ്ങളിലും വെച്ചായിരിക്കും അവരെ സമീപിക്കാൻ

സാധിക്കുക. വ്യക്തികളെ അടിസ്ഥാനമാക്കി ദഅ്‌വാ പ്രവർത്തനം നടത്തുകയാവും അതിന് സാധ്യമായ പരിഹാരം. അല്ലെങ്കിൽ അയാളുടെ കഴിവിന്റെ വ്യാപ്തി അനുസരിച്ച് അമുസ്‌ലീങ്ങളുടെ ഒത്തുചേരലുകളിൽ ദഅ്‌വാ പ്രവർത്തനം നടത്തുക എന്നതാണ്.

എന്നാൽ അത് ഒരു നിസ്സാര കാര്യമല്ല. ക്ഷമയും കഠിന പരിശ്രമവും അതിന് ആവശ്യമാണ്. അമുസ്‌ലീങ്ങൾ തങ്ങളുടെ ആചാരങ്ങൾക്കും സമ്പ്രദായങ്ങൾക്കും അനുസരിച്ചല്ലാതെ ദാഇയുടെ നിർബ്ബന്ധങ്ങൾക്ക് വഴങ്ങി സംഘടിച്ചുകൊള്ളണമെന്നില്ല. അത്തരുണത്തിൽ ആ സാഹചര്യത്തെ വേണ്ടവണ്ണം ഉപയോഗപ്രദമാക്കണമെങ്കിൽ ഖുർആനിൽ പ്രതിപാദിക്കുന്ന, ഇസ്‌ലാമിക തത്വമായ ഇറാദ്(7:199) അഥവാ ത്യജിക്കൽ സ്വീകരിക്കണം. അതായത്, ജീവിതത്തെ കുറിച്ച് ശരിയായ കാഴ്ചപ്പാടുള്ളവരെ കണ്ടുമുട്ടുകയും അവരോട് ഇസ്‌ലാമിനെക്കുറിച്ച് പറയുകയും ചെയ്യുക. അവരുടെ മതത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള വിഷയങ്ങൾ കഴിവതും ഒഴിവാക്കലാണ് അഭികാമ്യം. മറ്റ് മതസ്ഥരെ ബഹുമാനിക്കണം. എങ്കിലേ കാര്യങ്ങൾ അവർക്ക് അനുകൂലമായി വരികയുള്ളു. അപരിചിതരുമായുള്ള ദഅ്‌വാ പ്രവർത്തനം പ്രയാസകരമായിരിക്കും. ക്ഷമയും തിരസ്കാരവും ദഅ്‌വാ പ്രവർത്തനത്തിന് അത്യാവശ്യമാണ്. അവ രണ്ടും ഇല്ലെങ്കിൽ ദഅ്‌വാ പ്രവർത്തനം കാര്യക്ഷമമാകില്ല. പ്രവാചകന്റെ ജീവിതം മുഴുവനും വിവേക പൂർവ്വമായ ദഅ്‌വാ പ്രവർത്തനത്തിന്റെ ജ്ഞാനോദാഹരണങ്ങളാണ്.

# 6

# അത്യുന്നതങ്ങളിലുള്ളവർ (ദഅവാ പ്രവർത്തകർ)

**വി**ശുദ്ധ ഖുർആനിലെ ഏഴാം അധ്യായത്തിൽ അത്യുന്നതരായ ജനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. വിധീ ദിവസം അത്തരക്കാർ ഉയർന്ന സ്ഥാനങ്ങളിൽ നിർത്തപ്പെടും. അവർ സ്വർഗ്ഗസ്ഥരോടും നരക വാസികളോടും ദൈവത്തിന്റെ വിധി വിളിച്ചുപറയും. അതിങ്ങനെ വായിക്കാം:

*ആ രണ്ടുവിഭാഗത്തിനുമിടയിൽ ഒരു തടസ്സമുണ്ടായിരിക്കും. ഉന്നത സ്ഥലങ്ങളിൽ ചില ആളുകളും ഉണ്ടായിരിക്കും. ഓരോ വിഭാഗത്തെയും അവരുടെ ലക്ഷണം മുഖേനെ അവർ തിരിച്ചറിയും. സ്വർഗ്ഗാവകാശികളോട് അവർ വിളിച്ചുപറയും: "നിങ്ങൾക്ക് സമാധാനം ഉണ്ടായിരിക്കട്ടെ." അവർ (ഉയർന്ന സ്ഥാനങ്ങളിലുള്ളവർ) അതിൽ (സ്വർഗ്ഗത്തിൽ) പ്രവേശിച്ചിട്ടില്ല. അവർ (അത്) ആശിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ദൃഷ്ടികൾ നരകാവകാശികളുടെ നേരെ തിരിക്കപ്പെട്ടാൽ അവർ പറയും: "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ടത്തിൽ ആക്കരുതേ." ഉയർന്ന സ്ഥലങ്ങളിൽ ഉള്ളവർ ലക്ഷണം മുഖേനെ അവർക്ക് തിരിച്ചറിയാവുന്ന ചില ആളുകളെ വിളിച്ചുകൊണ്ട് പറയും: "നിങ്ങൾ ശേഖരിച്ചിരുന്നതും നിങ്ങൾ അഹങ്കരിച്ചിരുന്നതും നിങ്ങൾക്കെന്തൊരു പ്രയോജനമാണ് ചെയ്തത്? ഇക്കൂട്ടരെ പറ്റിയാണോ അല്ലാഹു അവർക്കൊരു കാരുണ്യവും നല്കുകയില്ലെന്ന് നിങ്ങൾ സത്യം ചെയ്ത് പറഞ്ഞത്? (എന്നാൽ അവരോട് ആണല്ലോ) നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിച്ചുകൊള്ളുക, നിങ്ങൾ യാതൊന്നും ഭയപ്പെടേണ്ടതില്ല,*

*നിങ്ങൾ ദുഃഖിക്കേണ്ടിവരികയുമില്ല (എന്ന് പറയപ്പെട്ടിരിക്കുന്നത്)? (7:46-49)*

അൽ കുർത്തുബിയുടെ അഭിപ്രായത്തിൽ, മുകളിൽ ഉദ്ധരിച്ച ആയത്തിൽ പരാമർശ്ശിച്ച, ഉയരങ്ങളിലെ ആൾക്കാർ ശുഹദാക്കളാണ്. ദിവ്യ മത സേവകരായ അവർ ദൈവത്തിന്റെ വിശേഷ ദാസന്മാരാണ്. അവർ ലോക ജനതതിയുടെ കർമ്മ സാക്ഷികളാണ്. ചിലർ അവരുടെ ക്ഷണം സ്വീകരിച്ചു, മറ്റുചിലർ തിരസ്കരിച്ചു. ആ ദിവ്യ സന്ദേശ പ്രചാകരെ കുറിച്ച് ഖുർആനിൽ വ്യത്യസ്ത പേരുകളിൽ പലയിടങ്ങളിലായി പ്രതിപാദിച്ചിട്ടുണ്ട്. മുന്നറിയിപ്പുകാരൻ, സുവിശേഷ വാഹകൻ, ഉദ്ബോധകൻ എന്നിങ്ങനെ. മൗലികമായി അക്കൂട്ടർ ദൈവദൂതന്മാരിൽ നിന്ന് രൂപം കൊണ്ടവരാണ്. ദൈവ ദൂതന്മാരുടെ മാതൃക പിൻപ്പറ്റിയവരും തങ്ങളുടെ കാലത്തെ ജനങ്ങളിൽ ദഅ്‌വാ പ്രവർത്തനം നടത്തിയവരുമാണ്.

പരലോകത്ത് നടത്തപ്പെടാൻ പോകുന്ന മനുഷ്യന്റെ അന്തിമ വിധി ലോക ജനതക്കുവേണ്ടി സാക്ഷികൾ (ശഹാദ) നിർവ്വഹിച്ച പ്രവർത്തനങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും. ആ സാക്ഷികളുടെ കർത്തവ്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ വിധീ ദിവസത്തിൽ രണ്ട് വിഭഗങ്ങളായി തിരിക്കും. സന്ദേശം സ്വീകരിച്ചവരും സന്ദേശം തിരസ്കരിച്ചവരും. പ്രതികൂലിക്കുന്ന ആ രണ്ട് വിഭാഗങ്ങൾ രണ്ടായി വേർത്തിരിക്കപ്പെടും. പിന്നീട് അവർ ചെയ്ത പ്രവർത്തികൾക്ക് അനുസരിച്ച് വിധിക്കുകയും അനന്തര ഫലങ്ങൾ അവർ അനുഭവിക്കുകയും ചെയ്യും.

വിധിന്യായം പൂർണ്ണമായും ദൈവത്തിന്റേത് ആണെങ്കിലും അത് പ്രഖ്യാപിക്കപ്പെടുന്നത് ദൈവത്തിന്റെ പ്രത്യേക ദാസന്മാരായ, ദഅ്‌വയുടെയും ശഹാദയുടെയും കർത്തവ്യം ഏറ്റെടുത്ത ദൈവ ദാസന്മാരാൽ ആയിരിക്കും. അത് അവർക്ക് ലഭിക്കുന്ന ഒരു മഹത്തായ ബഹുമതി ആയിരിക്കും. ഉയരങ്ങളിൽ ഉള്ളവർക്ക് നിൽക്കാൻ വിധീ ദിവസം വേദികൾ ഉയർത്തപ്പെടും. അവിടെ നിന്ന് അവർക്ക് എല്ലാവരെയും കാണാൻ കഴിയും. ദൈവത്തിന്റെ വിധി ജനങ്ങളോട് അവർ പ്രഖ്യാപിക്കുകയും ചെയ്യും.

ശഹാദ (ജനങ്ങൾക്ക് സാക്ഷ്യം വഹിച്ചവർ) ദുആത് (ജനങ്ങളെ സത്യ മാർഗ്ഗത്തിലേക്ക് ക്ഷണിച്ചവർ) എന്നിവർ ദൈവ

ത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ കഠിനമായി പ്രയ ത്നിച്ചവരാണ്. വ്യക്തിപരമായ വിഷയം എന്ന നിലക്ക് സ്വജീ വിതം പൂർണ്ണമായി അതിനുവേണ്ടി സമർപ്പിച്ചവരാണ് അവർ. അക്കാരണത്താൽ ദൈവത്തിലേക്കുള്ള ക്ഷണത്തിന്റെ അന്തിമ ഫലം പ്രഖ്യാപിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വിധി ദിവസത്തിൽ അവർ ആദരിക്കപ്പെടും. നിർവ്വഹിച്ച ദൗത്യമനുസരിച്ച് ലോക ത്തിലെ ഏറ്റവും ഉയർന്ന പദവിയിൽ അവർ അവരോധിക്കപ്പെടും. ചെയ്ത പ്രവർത്തികളുടെ ഫലമനുസരിച്ച് അന്തിമ വിധി നാളിൽ അപ്രകാരം അവർ ആദരിക്കപ്പെടുകയും ചെയ്യും.

## 7

# ദൈവാനുസരണവും ദൈവ സഹായവും

**വി**ശുദ്ധ ഖുർആൻ അനുസരിച്ച് ഒരാൾ വിശ്വാസിയായതിനുശേഷം പ്രായോഗിക ജീവിതത്തിൽ അയാൾ നിർവ്വഹിക്കേണ്ട രണ്ട് കർത്തവ്യങ്ങൾ ഉണ്ട്: ദൈവത്തെ അനുസരിക്കലും ദൈവത്തെ സഹായിക്കലുമാണവ.

ദൂതന്മാർ മുഖേനെ വെളിപ്പെടുത്തിയ കല്പനകൾ അനുസരിക്കലും, ദൈവം തന്റെ ഗ്രന്ഥത്തിലൂടെയും ദൂതന്മാർ വഴിയായും നിരോധിക്കപ്പെട്ടവയിൽ നിന്ന് വിട്ടുനിൽക്കലുമാണ് ദൈവത്തെ അനുസരിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ദൈവത്തെ സഹായിക്കുക എന്നാൽ, ദൈവത്തിനുവേണ്ടി പ്രയത്നിക്കലാണ്. ഒരു യഥാർത്ഥ വിശ്വാസിക്ക് മാത്രം അനുവദിക്കപ്പെട്ട ഒരു അപൂർവ്വ ബഹുമതിയാണത്. അത് ഖുർആനിൽ പ്രതിപാദിച്ച "ദഅവാ ഇലല്ലാ" എന്ന ധർമ്മാനുശാസനം തന്നെയാണ്. അഥവാ, ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്നതുതന്നെ. ആ ചുമതല ദൈവത്തിന് അഭികാമ്യം ആയതുകൊണ്ടും നിർവ്വഹിക്കുന്നത് ദൈവദാസന്മാർ ആയതുകൊണ്ടും അതിനെ "ദൈവത്തെ സഹായിക്കുക" എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

ദൈവ കല്പനകളായ ആരാധന, ധാർമ്മികത, നീതിപൂർവ്വമായ പെരുമാറ്റം എന്നിവയെ വിശ്വാസി സ്വേച്ഛയാ പിന്തുടരണം. അതിലൂടെ വിശ്വാസി തന്റെ അടിമത്തം തെളിയിക്കുകയും ദൈവപ്രീതിക്ക് പാത്രമാകുകയും ചെയ്യും. ദഅവയാകട്ടെ, അതിൽ നിന്ന് തുലോം വ്യത്യസ്തമാണ്. ഖുർആൻ പ്രകാരം ദഅവ നടപ്പാക്കപ്പെടുന്നുവെങ്കിൽ മനുഷ്യ വർഗ്ഗത്തിന് ദൈവത്തിനോട് ഒഴികഴിവോ ന്യായ വാദമോ പ്രകടിപ്പിക്കാനാവില്ല. മനുഷ്യനെ പരീ

ക്ഷണ വിധേയമാക്കൽ അനിവാര്യമായതുകൊണ്ട് ദൈവം ദഅവാ പ്രവർത്തനത്തിന് പ്രത്യേക മുൻ ഗണന നല്കുന്നുണ്ട്. അത് ദൈവത്തിനുവേണ്ടി മനുഷ്യനാൽ നടപ്പാക്കപ്പെടുന്ന ഒരു ദിവ്യ ദൗത്യമാണ്. അതുകൊണ്ടുതന്നെ അവർ പരലോക ജീവിതത്തിൽ അതിന്റെ പ്രതിഫലം ലഭിച്ചവർ ആയിരിക്കുകയും ചെയ്യും. അക്കാര്യം ഊന്നിപ്പറയുന്ന ചില ഖുർആൻ സൂക്തങ്ങൾ:

*സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികൾ ആയിരിക്കുക. മറിയമിന്റെ മകൻ ഈസ, അല്ലാഹുവിലേക്കുള്ള മാർഗ്ഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതുപോലെ. ഹവാരികൾ പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിന്റെ സഹായികൾ ആകുന്നു." അപ്പോൾ ഇസ്രായീൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് തങ്ങളുടെ ശത്രുവിന് എതിരിൽ നാം പിൻ ബലം നല്കുകയും അങ്ങനെ അവർ മികവുറ്റവർ ആയിത്തീരുകയും ചെയ്തു. (61:14)*

മുകളിൽ ഉദ്ധരിച്ച സൂക്തത്തിൽ, ദൈവത്തെ സഹായിക്കുക, അഥവാ ദൈവത്തിന്റെ സഹായികൾ ആകുക എന്നതിന് എന്താണർത്ഥം?

അതിനർത്ഥം ദിവ്യ ദഅവാ പ്രബോധനത്തിന് വേണ്ടി ആത്മ സമർപ്പണം നടത്തലാണ്. ഒരാൾ മനസ്സാ വാചാ കർമ്മണാ ദിവ്യ മാർഗ്ഗത്തിൽ പ്രവർത്തിക്കുക എന്ന് ചുരുക്കം. അതുകൊണ്ട് മനുഷ്യ വർഗ്ഗത്തിന് വിധീ ദിനത്തിൽ ദൈവത്തിന് എതിരായി യാതൊരു വാദവും ഉന്നയിക്കാൻ ഉണ്ടാവില്ല.

വിഖ്യാത ഖുർആൻ വ്യാഖ്യാതാവ് ഇബിനു കസീർ അതിനെ വിശദീകരിക്കുന്നു:

"ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കാൻ ആരാണ് എന്നെ സഹായിക്കുക?'' ജീസസിന്റെ അനുയായികൾ പറഞ്ഞു: "നിങ്ങൾ ഏത് ദൗത്യ നിർവ്വഹണത്തിന് വേണ്ടിയാണോ അയക്കപ്പെട്ടത് അതിന് ഞങ്ങൾ നിങ്ങളുടെ സഹായികളാണ്. ആ ദൗത്യത്തിൽ ഞങ്ങൾ നിങ്ങളുടെ സഹായികൾ ആയിരിക്കുകയും ചെയ്യും." അക്കാരണത്താൽ ജീസസ് അവരെ ഇസ്രായീല്യർ, റോമക്കാർ എന്നിവരിലേക്ക് അയച്ചു.

അതുപോലെ അന്ത്യപ്രവാചകൻ ഹജ്ജ് വേളയിൽ ജനങ്ങളുടെ അടുത്തുപോയി ചോദിച്ചു:

“ദൈവത്തിന്റെ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ നിങ്ങളിൽ ആരാണ് എന്നെ സഹായിക്കുക? എന്തുകൊണ്ടെന്നാൽ ഖുറൈശികൾ ദൈവ സന്ദേശം ജനങ്ങളിൽ എത്തിക്കുന്നതിനെ തടസ്സപ്പെടുത്തുകയാണ്.”

# 8

# ഏറ്റവും വലിയ ബഹുമതി

പ്രവാചകൻ മുഹമ്മദ്(സ) സംശയലേശമന്യേ മനുഷ്യ കുലത്തിന് മുഴുവനുമായി അവതരിച്ച ദൈവ ദൂതനാണ്. കുറഞ്ഞ ഒരു കാലമേ അദ്ദേഹം ഈ ലോകത്ത് ജീവിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ കാലശേഷം പ്രവാചക ദൗത്യം എങ്ങനെയാണ് നിർവ്വഹിക്കപ്പെട്ടത് എന്ന ഒരു ചോദ്യം ഉയർന്നുവന്നേക്കാം. പ്രവാചകൻ ജീവിച്ചിരുന്ന കാലത്ത് ദഅവാ ദൗത്യം അദ്ദേഹത്തിന് നേരിട്ട് നിർവ്വഹിക്കാൻ കഴിഞ്ഞു. പ്രവാചകന് ശേഷം ദഅവാ ദൗത്യം പരോക്ഷമായി നിർവ്വഹിച്ചത് അനുയായികളായ മുസ്‌ലീം ഉമ്മത്തുകളായിരുന്നു. ആ ദൗത്യം ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് എത്തിക്കേണ്ടതും ഇസ്‌ലാമിന്റെ സന്ദേശം എല്ലാ പ്രായത്തിലും കാലത്തുമുള്ള ജനങ്ങളിലേക്ക് പകരേണ്ടതും ജനങ്ങളെ ദൈവത്തോട് അടുപ്പിക്കേണ്ടതും പ്രവാചകന്റെ അനുയായികളുടെ കർത്തവ്യമാണ്. അന്ത്യനാൾ വരേക്കും ആ സത്യ സന്ദേശം സംരക്ഷിക്കപ്പെടുകയും ചെയ്യും.

ആ വിഷയം ഇബിനു ഹിശാം ഹദീസിലൂടെ അഥവാ പ്രവാചക വചനങ്ങളിലൂടെ, മുഹമ്മദുനബിയുടെ ജീവ ചരിത്രം എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ജീസസിനെയും മുഹമ്മദുനബിയെയും(സ) പരാമർശ്ശിക്കുന്ന ഒരു ഹദീസാകുന്നു അത്. ഇബിനു ഹിശാം അത് രേഖപ്പെടുത്തിയിരിക്കുന്നു:

എന്നോട് വിവരിച്ചുതന്നിരിക്കുന്നു: പ്രവാചകൻ ഹുദൈബിയാ സമാധാന സന്ധിക്ക് ശേഷം തന്റെ അനുചരന്മാരുടെ അടുത്ത് ചെന്നിട്ട് പറഞ്ഞു: “അല്ലയോ ജനങ്ങളേ, എന്നെ മുഴുവൻ മനുഷ്യ വർഗ്ഗത്തിനും അനുഗ്രഹമായി അയച്ചിരിക്കുകയാണ്. എന്നാൽ ജീസസിന്റെ ശിഷ്യർ അദ്ദേഹത്തിൽ നിന്ന് വഴിമാറിയ

തുപോലെ നിങ്ങൾ എന്നിൽ നിന്ന് പിന്മാറിക്കളയരുത്.'' അപ്പോൾ അനുചരന്മാർ ചോദിച്ചു: ''അല്ലയോ ദൈവദൂതരേ, എങ്ങനെയാണ് ജീസസിന്റെ ശിഷ്യർ അദ്ദേഹത്തിൽ നിന്ന് പിന്മാറിയത്?'' പ്രവാചകൻ പറഞ്ഞു: ''ഞാൻ നിങ്ങളെ വിളിക്കുന്ന അതേ ദൗത്യത്തിലേക്ക് ജീസസ് തന്റെ ശിഷ്യരെ വിളിച്ചു. സമീപത്തുള്ള ഒരു സ്ഥലത്ത് പോകാൻ നിർദ്ദേശിച്ചു. ശിഷ്യർ അതിനുള്ള ഒരുക്കങ്ങൾ ചെയ്തു. ദൂര സ്ഥലത്തേക്ക് പോകാൻ നിർദ്ദേശിക്കപ്പെട്ട ശിഷ്യർ അസന്തുഷ്ടരാകുകയും വിസമ്മതം പ്രകടിപ്പിക്കുകയും ചെയ്തു. അതിൽപ്പിന്നെ ജീസസ് ദൈവത്തോട് അക്കാര്യം ബോധിപ്പിച്ചു. ആ പ്രദേശത്തെ ഭാഷ വശമില്ലാത്തതിനാൽ ആയിരുന്നു അവർ അപ്പോൾ വിസമ്മതം പ്രകടിപ്പിച്ചത്. അതിശയകരം എന്ന് പറയട്ടെ, ആ പ്രദേശത്തുകാരുടെ ഭാഷയിൽ അവർ സംസാരിച്ചുതുടങ്ങി.''

അനന്തരം പ്രവാചകൻ തന്റെ അനുയായികളെ ദിവ്യ സന്ദേശങ്ങളുമായി പല രാജാക്കന്മാരിലേക്കും ഭരണാധികാരികളിലേക്കും അയച്ചു.

ഇബ്നു ഇസ്ഹാഖ്, പ്രവാചകന്റെ പ്രഥമ ജീവ ചരിത്രകാരൻ, പറയുന്നു: പ്രവാചകൻ(സ) ദഅ്‌വാ പ്രവർത്തനത്തെക്കുറിച്ച് അനുയായികളെ ഓർമ്മപ്പെടുത്തുമ്പോൾ അദ്ദേഹം പറഞ്ഞു: ''മുഴുവൻ ലോകരുടെയും അനുഗ്രഹമായാണ് ദൈവം എന്നെ അയച്ചിരിക്കുന്നത്. അതുകൊണ്ട് നിങ്ങൾ ഈ ഉത്തരവാദിത്വം എനിക്കുവേണ്ടി ഏറ്റെടുക്കണം. കരുണാമയനായ ദൈവം നിങ്ങളെ അനുഗ്രഹിക്കും.''

ഏറ്റവും വലിയ ബഹുമതി ലഭിക്കാവുന്നതും ദൈവത്തിനു വേണ്ടി നടത്താവുന്നതുമായ ദഅ്‌വ പോലൊരു ദൗത്യം സൂര്യനു കീഴെ മറ്റൊന്നുണ്ടാകാൻ വഴിയില്ല. ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നതുപോലെയാണത്. അതിനെക്കാൾ വലിയ ബഹുമതി ലഭിക്കാൻ സാധ്യമല്ലാത്തത്രയും വലിയ ബഹുമതിക്ക് അർഹമാണ് ആ ദൗത്യം. ഖുർആനിൽ ദഅ്‌വയെ വിശേഷിപ്പിച്ചത് ''മുന്നറിയിപ്പും സന്തോഷ വാർത്തയും നല്കൽ'' എന്നാണ്.

അത് ദൈവത്തിന്റെ സ്വന്തം ദൗത്യമാണ്. അതിനാൽ, മനുഷ്യർക്ക് ദൈവവുമായി തർക്കത്തിന് ഇടയില്ല. ആ കർത്തവ്യം ജനങ്ങളാൽത്തന്നെ ജനങ്ങളിലേക്ക് എത്തിച്ചിരിക്കുന്നു. മനുഷ്യരുടെ പരീക്ഷണം ഫലപ്രദവും സാധുതയുള്ളതുമാ

ണെന്ന് കരുതണമെങ്കിൽ അത് അത്ഭുതകരമായ വല്ല വഴിയിലൂടെയും ആകരുത്. മറിച്ച്, മനുഷ്യരാൽത്തന്നെ അത് നിർവ്വഹിക്കപ്പെടണം. അതുകൊണ്ടാണ് ആ ദിവ്യ ദൗത്യം മനുഷ്യരാൽത്തന്നെ നിർവ്വഹിക്കപ്പെടണമെന്ന് ദൈവം ആവശ്യപ്പെടുന്നത്.

ആ ആവശ്യമാണ് മഹത്തായ ദിവ്യ കർമ്മം നിർവ്വഹിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തത്. ദഅവ നിർവ്വഹിക്കാൻ മുന്നോട്ടുവരുന്നവർക്ക് ഇഹലോക ജീവിതത്തിൽ ദൈവത്തിന്റെ പ്രത്യേക സഹായം ലഭിക്കും. പരലോകത്ത് മഹത്തായ ബഹുമതിക്ക് അർഹരായിരിക്കുകയും ചെയ്യും.

ഒരാൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തിനുമുമ്പിൽ താൻ വിനയം പ്രഖ്യാപിക്കുകയാണെന്ന് അയാൾക്കറിയാം. എന്നാൽ ദഅവാ പ്രവർത്തനത്തിൽ മുഴുകിയ ഒരാൾക്ക് ദൈവത്തിന്റെ സ്വന്തം പ്രവർത്തനം അല്ലാതെ മറ്റൊന്നുമല്ല താൻ നിർവ്വഹിക്കുന്നത് എന്നാണ് അയാൾക്ക് തോന്നുക. ഒരു വിശ്വാസി ദൈവത്തിന്റെ സ്വന്തം ദൗത്യത്തിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന അനുഭൂതിയെക്കാൾ വലിയ അനുഭൂതി ഒരിടത്തുനിന്നും ലഭിക്കില്ല. അതായത്, അവൻ തന്റെ രക്ഷിതാവിന്റെ കർമ്മ പദ്ധതി നടപ്പിലാക്കുമ്പോൾ അല്ലാതെ.

## 9

# ഒരു വലിയ ഉത്തരവാദിത്വം

**ഖു**ർആനിലെ ആറാം അധ്യായത്തിൽ പറയുന്നു:

*(നബിയേ) ചോദിക്കുക: സാക്ഷ്യത്തിൽ വെച്ച് ഏറ്റവും വലിയത് ഏതാകുന്നു? പറയുക: അല്ലാഹു ആണ് എനിക്കും നിങ്ങൾക്കും ഇടയിൽ സാക്ഷി. ഈ ഖുർആൻ എനിക്ക് ദിവ്യ ബോധനമായി നല്കപ്പെട്ടിട്ടുള്ളത് അതുമുഖേനെ നിങ്ങൾക്കും അത് (അതിന്റെ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നല്കുന്നതിനുവേണ്ടിയാണ്. അല്ലാഹുവോടൊപ്പം വേറെ ദൈവങ്ങൾ ഉണ്ടെന്നതിന് യഥാർത്ഥത്തിൽ നിങ്ങൾ സാക്ഷ്യം വഹിക്കുമോ? പറയുക: ഞാൻ സാക്ഷ്യം വഹിക്കുകയില്ല. പറയുക: അവൻ ഏക ദൈവം മാത്രമാകുന്നു. നിങ്ങൾ (അവനോട്) പങ്കുചേർക്കുന്നതുമായി എനിക്ക് യാതൊരു ബന്ധവുമില്ല. (6:19)*

പ്രവാചകൻ മുഹമ്മദ്(സ) മുഴുവൻ മനുഷ്യ കുലത്തിനും താക്കീതുകാരനായാണ് അയക്കപ്പെട്ടത്. പക്ഷെ, അദ്ദേഹം 63 വർഷം മാത്രമെ ജീവിച്ചിരുന്നുള്ളു. അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞിട്ട് ഇത്ര കാലമായിട്ടും അദ്ദേഹത്തിന്റെ സന്ദേശം കൈമാറ്റം ചെയ്യാൻ സാധിച്ചത് എങ്ങനെയാണ് എന്ന ഒരു ചോദ്യം ഇവിടെ ഉയർന്നുവന്നേക്കാം. അതിനുള്ള ഉത്തരം മേൽ ഉദ്ധരിച്ച ഖുർആൻ സൂക്തത്തിലുണ്ട്. ആ സൂക്തത്തിലെ പ്രവാചകന്റെ വാക്കുകൾ:

*ഈ ഖുർആൻ എനിക്ക് ദിവ്യ ബോധനമായി നല്കപ്പെട്ടിട്ടുള്ളത് അതുമുഖേനെ നിങ്ങൾക്കും അത് (അതിന്റെ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നല്കുന്നതിനു*

*വേണ്ടിയാണ്.*

പ്രവാചകൻ തന്റെ ജീവിത കാലത്ത് സ്വപരിശ്രമത്താൽ ആ സന്ദേശം എല്ലാവരിലും എത്തിച്ചു. പിന്നീടുള്ള കാലഘട്ടത്തിൽ സന്ദേശം എത്തിക്കാൻ ഏത് മാധ്യമാണ് ഉപയോഗപ്പെടുത്തിയ തെന്ന് ചോദിക്കപ്പെട്ടേക്കാം. വിശ്വാസികൾ അഥവാ പ്രവാച കന്റെ അനുചരന്മാർ ആ സന്ദേശം എത്തിക്കുവാനുള്ള മാധ്യമങ്ങ ളായിമാറി. അവരിലൂടെയാണ് തുടർന്നുള്ള സന്ദേശം എത്തിക്ക പ്പെട്ടത്. പ്രാവാചകന്റെ കാലശേഷം അദ്ദേഹത്തിനുവേണ്ടി മുസ്‌ലീങ്ങൾ ആ ചുമതല ഏറ്റെടുത്തു. വിശ്വാസികൾ എല്ലാ കാലത്തും ഖുർആനിക സന്ദേശം അതതുകാലത്തെ ജനങ്ങളി ളേക്ക് എത്തിച്ചുകൊണ്ടിരിക്കും. അന്ത്യ ദിനം വരെ അത് തുട രും.

ഖുർആൻ ഒരു ദൈവിക താക്കീതാകുന്നു. ഇതര ഗ്രന്ഥ ങ്ങൾ പോലെ ആ ദിവ്യ വെളിപ്പെടുത്തലുകൾ അലമാരകളിൽ സൂക്ഷിച്ചുവെക്കണമെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. എല്ലാ കാലത്തും നിർബ്ബന്ധമായും ഏറ്റവുമധികം ജനങ്ങളിലേക്ക് അത് എത്തിയിരിക്കണം. ഖുർആനിക സന്ദേശം എത്തിക്കുക എന്ന കർത്തവ്യം നിറവേറ്റപ്പെട്ടിരുന്നില്ലെങ്കിൽ പ്രവാചക ദൗത്യം ദൈവ ദൃഷ്ടിയിൽ സംശയിക്കപ്പെടുമായിരുന്നു. അക്കാരണത്താൽ പ്രവാചകൻ ആ കർത്തവ്യം അതീവ ഗൗരവത്തോടുകൂടെയാണ് നടപ്പിലാക്കിയത്. അതുകൊണ്ട് ഖുർആനിക സന്ദേശം എല്ലായി ടത്തുമുള്ള ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞു. അവസാനം ദൈവം പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

*"അതിനാൽ ഈ സന്ദേശത്തിൽ അവർ വിശ്വസിച്ചില്ലെങ്കിൽ അവർ പിന്തിരിഞ്ഞുപോയതിനെ തുടർന്ന് (അതിലുള്ള) ദുഃഖ ത്തിൽ നീ ജീവനൊടുക്കുന്നവനായേക്കാം. (18:6)*

പ്രവാചകന്റെ ഉത്തരവാദിത്വം ഇപ്പോൾ നടപ്പിലാക്കേണ്ടത് അദ്ദേഹത്തിന്റെ അനുയായികളാണ്. മുഴുവൻ വിശ്വാസികളും മനുഷ്യ വർഗ്ഗത്തിന് ഖുർആനിക സന്ദേശം എത്തിക്കാനുള്ള മാധ്യമം ആകേണ്ടതുണ്ട്. മുസ്‌ലീങ്ങളും പ്രത്യേകിച്ച് മത പണ്ഡിതരും(ഉലമാക്കൾ) മുനുഷ്യ കുലത്തിന്റെ അഭ്യുദയകാംക്ഷി കളും മാർഗ്ഗ ദർശ്ശികളുമാണെന്ന് സ്വയം തെളിയിക്കണം. അത് അതീവ ഗൗരവത്തോടുകൂടെ കാണുകയും വേണം. അവർ

അത്തരമൊരു വിതാനത്തിലേക്ക് ഉയരുകയും തങ്ങളുടെ പരിശ്രമത്താൽ ആത്മത്യാഗം ചെയ്യുകയും വേണം. സർവ്വരിലേക്കും ദിവ്യ സന്ദേശം എത്തിക്കുക എന്ന, മുസ്‌ലീങ്ങളുടെ മേൽ ചുമത്തപ്പെട്ട ഉത്തരവാദിത്വം ഒരു ഐച്ഛിക വിഷയം പോലെയല്ല. അത് നിങ്ങൾക്ക് വേണമെങ്കിൽ ഏറ്റെടുക്കാം, അല്ലെങ്കിൽ വല്ല ഒഴികഴിവുകളും പറഞ്ഞ് തുടരാതിരിക്കാം എന്നല്ല, എന്തുവില കൊടുത്തും അത് നടപ്പിലാക്കുക എന്നതാണ് ആ ഉത്തരവാദിത്വത്തിന്റെ സ്വഭാവം.

ദിവ്യ സന്ദേശം ലഭിക്കാതെ, അത് സ്വീകരിക്കാനുള്ള സന്ദർഭം ലഭിക്കാതെ ആയിരക്കണക്കിന് ജനങ്ങൾ ദിവസവും മരിച്ചുപോകുകയും തങ്ങളുടെ പരലോക ജീവിതം മെച്ചപ്പെടുത്താനുള്ള അവസരം നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നുണ്ട്. ആ ഒരു അവസ്ഥയിൽ ദൈവിക സത്യം പ്രഖ്യാപിക്കുക എന്ന, വിശ്വാസികളുടെ ഉത്തരവാദിത്വം അതീവ ഗൗരവമായി എടുക്കുകയും ഒഴികഴിവുകൾ പറഞ്ഞ് അതിൽ നിന്ന് പിന്തിരിയാതിരിക്കുകയും വേണം.

10

# പ്രശ്നങ്ങളെ അവഗണിക്കുക, അവസരങ്ങൾ ഉപയോഗപ്പെടുത്തുക

**വി**ശുദ്ധ ഖുർആനിലെ എഴുപത്തിനാലാം അധ്യായത്തിൽ പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് ദൈവം പറഞ്ഞു:

*ഹേ പുതച്ചുമൂടിയവനേ, എഴുന്നേറ്റ് (ജനങ്ങൾക്ക്) താക്കീത് നല്കുക. തന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുക. നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക.*

ഉദ്ധരിച്ച ആയത്തിൽ വിവരിച്ച സദാചാര ധർമ്മം പെരുമാറ്റ രീതികളുടേതല്ല, മറിച്ച് ദഅവയുടേതാണ്. പ്രവാചകനോട് എഴുന്നേൽക്കാനും ഏക ദൈവത്തിലേക്ക് ക്ഷണിക്കാനും കല്പിച്ചിരിക്കുന്നു. അതായത്, ദഅവാ പ്രവർത്തനത്തിന് ലഭിക്കുന്ന ഏതൊരവസരവും ജനങ്ങളിൽ നിന്നുള്ള തിന്മകളെ അവഗണിച്ചുകൊണ്ട് ഉപയോഗപ്പെടുത്തുക. ദഅവാ പ്രവർത്തനത്തിനുവേണ്ടി ദാഇ ജനങ്ങളിലേക്ക് ഇറങ്ങേണ്ടതുണ്ട്.

പുരാതന മക്കയിൽ കഅബാലയം ജനങ്ങൾക്ക് ഒത്തുകൂടാനുള്ള ഇടമായിരുന്നു. വിശുദ്ധ ഭവനമായ കഅബക്കുള്ളിൽ സ്ഥാപിച്ച ബിംബങ്ങളെ ആരാധിക്കാനായിരുന്നു അവർ അവിടെ ഒത്തുകൂടിയിരുന്നത്. അന്ന് മക്കയിലുണ്ടായിരുന്ന ഓരോ ഗോത്രത്തിന്റെയും ബിംബങ്ങളായിരുന്നു അന്നവിടെ പ്രതിഷ്ഠിച്ചിരുന്നത്. അറേബ്യൻ പ്രാന്തപ്രദേശങ്ങളിലുള്ള ജനങ്ങൾ ബിംബാരാധനക്കായി അവിടെ ഒത്തുകൂടി. ബിംബാരാധന പോലുള്ള അനാചാരങ്ങൾ ഇല്ലാതാക്കാനും ആ ഒത്തുചേരലിനെ ദഅവാ പ്രവർത്തനത്തിന് ഉപയോഗിക്കാനും ദൈവം പ്രവാചകനോട്

കല്പിച്ചത് ആ ഒരു സാഹചര്യത്തിലായിരുന്നു. പ്രശ്നങ്ങളെ അവഗണിച്ച് അവസരങ്ങൾ ഉപയോഗപ്പെടുത്തുക എന്ന തത്വം അനുസരിച്ചായിരുന്നു ദൈവത്തിന്റെ ആ കല്പന.

പ്രശ്നങ്ങളെ അവഗണിച്ച് അവസരങ്ങളെ ഉപയോഗപ്പെടുത്തുക എന്ന വിവേകം പുരാതന മക്കയുടെ കാലയളവിലേക്ക് മാത്രമുള്ളതല്ല; മറിച്ച്, ഇന്നും അതിന് പ്രസക്തിയുണ്ട്. അടിസ്ഥാന കാര്യം, ഒരു ദാഇക്ക് ദഅവക്കാവശ്യമായ ജനങ്ങളുടെ ഒത്തുചേരൽ കൂടിയേ തീരൂ. എന്നാൽ, അത്തരത്തിലുള്ള ഒത്തുചേരൽ ദഅവാ പ്രവർത്തനത്തിന് വേണ്ടി മാത്രമാവരുത്. പകരം മറ്റവസരങ്ങളിലോ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയോ സംഘടിപ്പിക്കുന്നതായിരിക്കാം അത്തരം ഒത്തുകൂടലുകൾ. ഉദാഹരണത്തിന്, കഅബാലയത്തിനുള്ളിൽ പ്രതിഷ്ഠിച്ച ബിംബങ്ങളെ ആരാധിക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു ജനങ്ങൾ അവിടെ ഒത്തുകൂടിയിരുന്നത്. ആ ഒത്തുചേരലിനെയും അതിന്റെ ഉദ്ദേശ്യത്തെയും വെവ്വേറെ പരിഗണിക്കേണ്ടതുണ്ട്. ഒരു ദാഇ ഒത്തുചേരലിന്റെ ഉദ്ദേശ്യത്തെ ഒരിക്കലും കണക്കിലെടുക്കരുത്. ദാഇയുടെ ലക്ഷ്യം ഒത്തുചേരലുകളായിരിക്കണം.

പ്രവാചകൻ കഅബാലയം നിത്യേന സന്ദർശിക്കുകയും ഖുർആനിലെ ആയത്തുകൾ അവിടെ കൂടിയ ജനങ്ങൾക്ക് ഓതിക്കേൾപ്പിക്കുകയും അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നു. ജനങ്ങൾ ബിംബാരാധനക്കായി ഒത്തുചേരുന്നതാണെങ്കിൽപ്പോലും ദാഇ അലസ ഭാവത്തെ വെടിഞ്ഞ് ഒത്തുചേരുന്നവരുടെ സാന്നിധ്യം മുഴുവനായും ഉപയോഗപ്പെടുത്തുന്ന ദഅവാ പ്രവർത്തനത്തിൽ വ്യാപൃതനാവണം. പ്രവാചകന്റെ ആ മാതൃക പിൻ പറ്റണം. ഒത്തുചേരലിന്റെ ലക്ഷ്യം എന്തുമാവട്ടെ, പ്രബോധകന് വളരെയധികം പ്രേക്ഷകരെ ലഭിക്കും. ഒഴിവാക്കൽ തത്വം ഇക്കാര്യത്തിൽ കർശ്ശനമായി പാലിക്കണം. അതായത്, അനഭിലഷണീയമായ കാര്യങ്ങൾ മുഴുവനായും അവഗണിച്ച് ഒത്തുചേരലിൽ പങ്കെടുത്ത മുഴുവൻ ജനങ്ങളെയും ഉപയോഗപ്പെടുത്തണം. അതാണ് ദഅവാ പ്രവർത്തനത്തിന്റെ ശരിയായ രീതി.

ദിവ്യ സന്ദേശ പ്രചാരണത്തിന് ഈയൊരറിവ് വളരെ ഉപകരിക്കും. ഈ വിവേകം പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ദൈവത്തിന്റെ സത്യ സന്ദേശം പ്രചരിപ്പിക്കുക പ്രയാസകരമാകും.

# 11

# ദഅവയുടെ ആഗോള ലക്ഷ്യം

ഒരു ഹദീസിൽ പ്രവാചകൻ പറഞ്ഞു:

“ഭൂമിയിലുള്ള ചെറുതും വലുതുമായ ഒരു വീടുപോലും ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കാതെ ദൈവം ഒഴിവാക്കുകയില്ല.”

പ്രവാചകന്റെ ആ ഹദീസിൽ പിന്നീടുവരുന്ന തലമുറകൾക്ക് ഒരു പ്രവചനം ഉണ്ട്. ദിവ്യ സന്ദേശം ഓരോ വീട്ടിലും നിഗൂഢമായി എത്തിച്ചേരുമെന്ന് ആ പ്രവചനത്തെ വ്യാഖ്യാനിക്കരുത്. സത്യമായും അത് സംഭവിക്കുക കാര്യകാരണ സഹിതം എന്ന തത്വാധിഷ്ഠിതമായിട്ടായിരിക്കും. പിന്നീടുള്ള കാലം അത്തരം സാധ്യതകൾ ഉദയം കൊള്ളുകയും ചെറുതും വലുതുമായ എല്ലാ വീടുകളിലും ദിവ്യ വചനം എത്തിക്കാൻ ദാഇക്ക് സാധിക്കുകയും ചെയ്യും എന്നാണ് ആ ഹദീസ് അർത്ഥമാക്കുന്നത്.

സ്വമനസ്സാലെയോ അല്ലാതെയോ ദൈവ സന്ദേശം എത്താതെ സ്ത്രീയോ പുരുഷനോ ആയ ഒരാളും ഈ ഭൂലോകത്ത് അവശേഷിക്കില്ല. ഇസ്‌ലാമിക ദഅവയുടെ സാർവ്വത്രിക പരിസമാപ്തിയായിരിക്കും അതെന്ന് പറയപ്പെടുന്നു. ഉയിർത്തെഴുന്നേല്പുദിനത്തിന് മുമ്പ് അത് സംഭവിക്കും. അതുകൊണ്ട് ജനങ്ങൾക്കെതിരായ തെളിവുകൾ ഹാജരാക്കപ്പെടാം. അവർക്ക് ദൈവത്തിന് എതിരായി ഒഴികഴിവുകളോ തർക്കമോ ഉണ്ടായിരിക്കുകയില്ല.

ഇക്കാലത്ത് അച്ചടി വിദ്യ ആ സാധ്യതയെ സാധൂകരിക്കുന്നു. അച്ചടിശ്ശാലകളുടെ സഹായത്താൽ, ദിവ്യ വചനമായ ഖുർആൻ പ്രതികൾ ലക്ഷംകോടി തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഈ ലോകത്ത് ജീവിക്കുന്ന ജനങ്ങളെക്കാൾ അധികം ഖുർആൻ പ്രതികൾ ഇന്നുവരെ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇന്ന് ഏത് സ്ത്രീ പുരുഷനും ഖുർആൻ പ്രതികൾ സുലഭമായി ലഭിക്കും. അവനോ അവൾക്കോ വേണമെങ്കിൽ ഇന്റർനെറ്റ് വഴി ഖുർആൻ ഡൗൺ ലോഡ് ചെയ്ത് വായിക്കാം. മറ്റൊരു വശത്ത് ദിവ്യ സന്ദേശം ഇലക്ട്രോണിക്ക് മീഡിയയിലൂടെ പ്രചരിക്കുന്നു. വിവിധ തരം ഇസ്‌ലാമിക പരിപാടികൾ ദിനേനെ അവതരിപ്പിക്കപ്പെടുന്നു. ആൺ പെൺ ഭേദമന്യേ എല്ലാവരും ഇന്ന് ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെ ഇസ്‌ലാമിക സന്ദേശം കേൾക്കുന്നു.

പ്രവാചകന്റെ അനുയായികളുടെ കാലം പാരമ്പര്യാധിഷ്ഠിതമായിരുന്നു. അക്കാലത്ത് അച്ചടി വിദ്യ കണ്ടുപിടിച്ചിരുന്നില്ല. നമ്മളിന്ന് ചെയ്യുന്നതുപോലെ മറ്റുള്ളവർക്ക് നല്കാനായി ഖുർആൻ അച്ചടി കോപ്പികൾ ഉണ്ടായിരുന്നില്ല. അതിനാൽ നബിയുടെ(സ) അനുയായികൾ ജനങ്ങളുടെ അടുത്തുപോയി ഖുർആൻ ഓതിക്കേൾപ്പിച്ചുകൊടുക്കുമായിരുന്നു. അതുകൊണ്ടാണ് അവർ മുഖ്‌രി (ഓതുന്ന ആൾ) എന്ന പേരിൽ അറിയപ്പെട്ടത്. അച്ചടി വിദ്യയുടെ ഇക്കാലത്ത് ഖുർആനും ഇസ്‌ലാമിക ദഅ്‌വാ വിവരണങ്ങളും നല്കി ദാഇക്ക് ദഅ്‌വാ പ്രവർത്തനം എളുപ്പമാക്കാം. ഇലക്ട്രോണിക്ക് മാധ്യമങ്ങൾ ഉപയോഗിച്ചും ആ കർത്തവ്യം നിറവേറ്റാം.

12

# മുഖ്‌രിയുടെ ജോലി

**ഇ**സ്‌ലാമിന്റെ പ്രവാചകന് ദിവ്യ സന്ദേശം ആദ്യമായി ലഭിച്ചത് എ ഡി 610 ആണ്ടിലാണ്. അതിലെ പ്രഥമ വാക്ക്, വായിക്കുക അഥവാ ഓതുക (ഇഖ്‌റഅ്) എന്നാണ്. ദിവ്യ കല്പന വഴി പ്രവാചകൻ മുഖ്‌രി അഥവാ ഓതുന്നവൻ ആയി. അദ്ദേഹം ജനങ്ങൾക്ക് ഖുർആൻ ഓതിക്കൊടുത്തു. എവിടെ ജനക്കൂട്ടത്തെ കാണുന്നുവോ അവിടെപ്പോയി, തനിക്കവതരിച്ച ഖുർആൻ സൂക്തങ്ങൾ അദ്ദേഹം അവർക്ക് ഓതിക്കൊടുത്തു. വിവിധ ജന വിഭാഗങ്ങൾക്ക് ഖുർആൻ ഓതിക്കൊടുത്തുക്കൊണ്ട് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുത്തു.

പ്രവാചകന്റെ അനുയായികളും അതേ തത്വം പിന്തുടർന്നു. ഫലത്തിൽ ഓരോ അനുയായിയും ഓതുന്നവൻ അഥവാ മുഖ്‌രി ആയിമാറി. എപ്പോഴെല്ലാം അദ്ദേഹത്തിന് ജനക്കൂട്ടത്തെ അഭിമുഖീകരിക്കേണ്ടിവന്നുവോ അപ്പോഴെല്ലാം അദ്ദേഹം മുഖ്‌രി ആയി മാറി. അനുയായികൾ ജനങ്ങളെ സമീപിക്കുകയും ഖുർആനിലെ ചില ഭാഗങ്ങൾ ഓതിക്കൊടുക്കുകയും ചെയ്തു. ഹിജറക്ക് മുമ്പ് പ്രവാചകൻ തന്റെ ശിഷ്യരെ ഖുർആൻ ഓതിക്കേൾപ്പിക്കാനായി മദീനയിലേക്ക് അയച്ചു. അതിൽ ഒരാളായിരുന്നു മുസ്അബ് ബിൻ ഉമൈർ. ജനങ്ങളിലേക്ക് ചെന്ന് ഖുർആൻ സൂക്തങ്ങൾ ഓതിക്കൊടുക്കലായിരുന്നു അദ്ദേഹത്തിന്റെ ചുമതല. അതായിരുന്നു അദ്ദേഹത്തിന്റെ ദഅവാ പ്രവർത്തനം.

പ്രവാചകന്റെയോ അനുയായികളുടെയോ കാലത്ത് അച്ചടി വിദ്യ കണ്ടുപിടിച്ചിരുന്നില്ല. അക്കാലത്ത് ദിവ്യ സന്ദേശം ജനങ്ങളിൽ എത്തിക്കാനുള്ള ഏക മാർഗ്ഗം, ഓർമ്മശ്ശക്തിയുടെ സഹായ

ത്താൽ ഖുർആനിലെ ചില ഭാഗങ്ങൾ മനഃപാഠമാക്കി അത് ജനങ്ങൾക്ക് ഓതിക്കേൾപ്പിച്ചുകൊടുക്കലായിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ ചരിത്ര കാലത്തെ രണ്ടായി തിരിക്കാം. അച്ചടി വിദ്യക്ക് മുമ്പുള്ള കാലവും അച്ചടി വിദ്യക്ക് ശേഷമുള്ള കാലവും. അച്ചടി വിദ്യക്ക് മുമ്പുള്ള കാലത്ത് മുഖ്രിയുടെ ജോലി ഓർമ്മശ്ശക്തിയുടെ സഹായത്താൽ ഖുർആൻ ഹൃദിസ്ഥമാക്കി ജനങ്ങൾക്ക് ഓതിക്കേൾപ്പിച്ചുകൊടുക്കലായിരുന്നു. അച്ചടി വിദ്യയുടെ കാലമായപ്പോഴേക്ക് മുഖ്രിയുടെ ദൗത്യത്തിന് സ്വാഭാവികമായും മാറ്റം സംഭവിച്ചു. ഖുർആനിന്റെ പ്രതികൾ ധാരാളമായി അച്ചടിച്ച് ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുക എന്നതായി മുഖ്രിമാരുടെ ജോലി. അങ്ങനെ, അച്ചടിശ്ശാലകൾ വരുന്നതിനുമുമ്പുള്ള മുഖ്രി അച്ചടി വിദ്യക്ക് ശേഷം വിതരണക്കാരനായി മാറി.

ദിവ്യ വചനങ്ങൾ ഗ്രന്ഥ രൂപത്തിൽ വിതരണം ചെയ്യുക എന്നത് ഒരു ചെറിയ കാര്യമല്ല. മറിച്ച്, സമാധാനപരമായ മഹത്തായൊരു സാഹസമാണ്. പണ്ടുകാലത്ത് ആ ഉദ്ദേശ്യത്തിന് കീഴിൽ മുഖ്രീ സംസ്കാരം ഉയർന്നുവന്നു. അച്ചടി വിദ്യയുടെ ഇക്കാലത്ത് വിതരണ സംസ്കാരം ആ സാഹസത്തിന് കീഴിൽ പ്രത്യക്ഷപ്പെടണം.

# 13

# ദിവ്യ രക്ഷ

മക്ക പിടിച്ചടക്കുന്നതിനുമുമ്പ് (ഹിജറ 8 ആണ്ട്) വിശ്വാസികളായ മദീനാ നിവാസികൾ സുരക്ഷിതരായിരുന്നില്ല. അതുകൊണ്ട് രാത്രികാലങ്ങളിൽ അനുയായികൾ പ്രവാചകന്റെ വീടിന് കാവലിരിക്കുക പതിവായിരുന്നു. ഒരു ദിവസം പ്രവാചകൻ വീടിന്റെ ജനലിലൂടെ പുറത്തേക്ക് എത്തിനോക്കിക്കൊണ്ട് പറഞ്ഞു:

"ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ വീടുകളിലേക്ക് തിരിച്ചുപോവുക. എന്റെ സുരക്ഷയുടെ ഉത്തരവാദിത്വം ദൈവം ഏറ്റെടുത്തിരിക്കുന്നു."

പ്രവാചകൻ ശിഷ്യരോട് അങ്ങനെ പറയാൻ ഇടയാക്കിയത്, അന്നുരാത്രി പ്രവാചകന് വഹിയ് ആയി ഇറങ്ങിയ വചനമായിരിക്കാം. ആ വചനം:

*റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം നീ നിന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യ നിഷേധികളായ ആളുകളെ തീർച്ചയായും അല്ലാഹു നേർവ്വഴിയിൽ ആക്കുകയില്ല. (5:67)*

മുകളിൽ ഉദ്ധരിച്ച വചനം അനുസരിച്ച്, ദൈവം അയച്ച സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ദൈവ രക്ഷ ഒളിഞ്ഞിരിപ്പുണ്ട്. അത് ദൈവത്തിന്റെ വാഗ്ദാനമാണ്. ഒറ്റനോട്ടത്തിൽ ദൈവം പ്രവാചകന് മാത്രമായി നല്കിയ ദിവ്യ വാഗ്ദാനമാണ് അതെന്ന് തോന്നാമെങ്കിലും പ്രവാചകന്റെ ദഅവാ

പ്രവർത്തന രീതി പിന്തുടരുന്ന ഓരോരുത്തനും അഥവാ ഓരോ കൂട്ടരും അതിന് അർഹരായിരിക്കും. ശരിയായ ദഅ്വാ പ്രവർത്ത കർക്കുള്ള ശാശ്വത വാഗ്ദാനമാണ് അത്. അത് പ്രത്യേക കാല ത്തേക്ക് മാത്രമായുള്ളതല്ല.

ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്ന കർത്തവ്യം പ്രവാചകന്റെ അനുയായികളുടെ ഉത്തരവാദിത്വമാണെന്നും അവരെ ജനങ്ങളിൽ നിന്ന് രക്ഷിക്കേണ്ടത് ദൈവത്തിന്റെ ധർമ്മമാ ണെന്നുമാണ് ഉദ്ധരിച്ച വചനം വ്യക്തമാക്കുന്നത്. മറ്റൊരു വിധ ത്തിൽ പറഞ്ഞാൽ, പ്രവാചകന്റെ അനുയായികളുടെ മറ്റേതൊരു പ്രവർത്തനത്തിനും സംരക്ഷണം ഉറപ്പുനല്കുന്നില്ല. പ്രവാച കന്റെ അനുയായികൾക്ക് എപ്പോഴെങ്കിലും ലോകത്തെ മറ്റ് രാജ്യ ങ്ങളിൽ നിന്നുള്ള പ്രതിരോധം അനുഭവപ്പെടുകയാണെങ്കിൽ അവർക്കെതിരെ സമരം ചെയ്യുന്നതിന് പകരം അവർ സ്വയം ആത്മ പരിശോധന നടത്തുകയാണ് വേണ്ടത്. എന്തെന്നാൽ അവർ, ദഅ്വാ എന്ന കർത്തവ്യം നിറവേറ്റിയില്ല എന്നാണ് അത് അർത്ഥമാക്കുന്നത്.

ദിവ്യ സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്ന കർത്ത വ്യത്തെ, ദൈവത്തിനുള്ള സഹായം എന്നാണ് ഖുർആനിൽ പറ ഞ്ഞിട്ടുള്ളത് (61:14). ദഅ്വാ പ്രവർത്തനം നടത്തുന്നവർക്ക് തീർച്ചയായും ദൈവ സഹായം ലഭിക്കുമെന്നും ഖുർആനിൽ പറ ഞ്ഞിട്ടുണ്ട് (41:7). അത് പ്രവാചകന്റെ അനുയായികൾക്കുള്ള ശാശ്വത മാർഗ്ഗരേഖയാകുന്നു. മുസ്‌ലീം സമുദായത്തിലെ അഥവാ മുസ്‌ലീം ഉമ്മത്തിലെ അംഗങ്ങൾ 'ദഅ്വാ ഇലല്ലാ'യി ലേക്ക് ആവശ്യമായ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യണം. ഐഹിക കാര്യങ്ങൾക്ക് രണ്ടാമത്തെ പരിഗണനയെ നല്കാവൂ. ദഅ്വാ പ്രവർത്തനം നിർവ്വഹിക്കുകയാണെങ്കിൽ ഇഹലോകത്ത് അവർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ ദൈവം പരിഹരിച്ചുകൊടു ക്കും. അതല്ല അവർ ഐഹിക വിഷയങ്ങളാണ് ലക്ഷ്യമാക്കുന്ന തെങ്കിൽ അവർ ഒന്നും നേടാൻ പോകുന്നില്ല.

## 14

# പ്രവാചകന്റെ അനുയായികളുടെ ഉത്തരവാദിത്വം

**ദി**വ്യ സന്ദേശം എക്കാലത്തും എല്ലാ സമയത്തും സ്ഥിരമായി ജനങ്ങളിൽ എത്തിക്കുക എന്നത് ദൈവത്തിന്റെ കർമ്മ പദ്ധതികളിൽ പെട്ടതാകുന്നു (25:1). ദിവ്യ സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്ന കർത്തവ്യം ആദ്യത്തെ പ്രവാചകനായ ആദം നബി മുതൽ അന്ത്യപ്രവാചകനായ മുഹമ്മദുനബി(സ) വരെ തുടർന്നു. നല്ല മനുഷ്യരെ ചീത്ത മനുഷ്യരിൽ നിന്ന് വേർത്തിരിക്കുക എന്നതായിരുന്നു അതിന്റെ പ്രധാന ഉദ്ദേശ്യം. അതുവഴി ആ മനുഷ്യർ സ്വർഗ്ഗാവകാശികളാണോ നരകാവകകാശികളാണോ എന്ന് വിധീ ദിനത്തിൽ ദിവ്യ കോടതി വിധിക്കും.

പ്രവാചകൻ മുഹമ്മദ്(സ) അല്ലാഹുവിന്റെ അന്ത്യപ്രവാചകനാണ്. അന്ത്യപ്രവാചകന്റെ സ്ഥിരപ്പെടുത്തലായിരുന്നു അദ്ദേഹം. ജനങ്ങളെ ശരിയായ പാതയിലേക്ക് നയിക്കാൻ വേണ്ടി അദ്ദേഹത്തിനുശേഷം ഇനിയൊരു പ്രവാചകനെയും ഭൂമിയിലേക്ക് അയക്കില്ല (33:40). അത് നിഗൂഢമായ കാരണങ്ങളാലല്ല. അതിനുള്ള ഒരേയൊരു കാരണം ദൈവത്താൽ സംരക്ഷിക്കപ്പെടുന്ന ഒരു ഗ്രന്ഥമായാണ് ഖുർആനിനെ ദൈവം അവതരിപ്പിച്ചത് എന്നതാണ് (15:9). ഖുർആന്റെ സംരക്ഷണവും രക്ഷാ കർതൃത്വവും ദൈവം ഏറ്റെടുത്തിരിക്കുന്നു. അന്ത്യ വിധീ നാൾ വരെ ആർക്കുംതന്നെ അതിൽ ഒരു മാറ്റിത്തിരുത്തലും വരുത്താൻ സാധിക്കില്ല. എന്നിരിക്കെ പുതിയ ഒരു പ്രവാചകന്റെ ആവശ്യം ഉദിക്കുന്നില്ല. യാതൊരു കൈകടത്തലുകൾക്കും പഴുതില്ലാത്ത ആ ദിവ്യ സന്ദേശം എക്കാലത്തെയും ജനങ്ങളിലേക്ക് എത്തിക്കേണ്ടതുണ്ട്.

ഇപ്പോൾ ഖുർആൻ പ്രവാചകന് പകരമാണ്. അതുപോലെ പ്രവാചകത്വത്തിന്റെ പരിസമാപ്തിക്ക് പ്രവാചക സംരക്ഷണത്തെ ക്കുറിച്ച് ആശങ്കിക്കേണ്ടതില്ല. എന്നാൽ എക്കാലത്തും എല്ലാ തലമുറകളിലും പെട്ട ജനങ്ങൾക്ക് പ്രവാചക സന്ദേശം എത്തി ക്കുക എന്നതാണ് ഇന്നത്തെ പ്രധാന ആവശ്യം. ആ ഗ്രന്ഥം ലോക ഭാഷകളിലേക്ക് വിവർത്തനം ചെയ്ത് ജനങ്ങളിൽ വിത രണം ചെയ്യുക എന്നതാണ് ഇപ്പോൾ നമുക്ക് പ്രയോഗ സാധ്യമാ യിട്ടുള്ളത്. അത് പ്രവാചകന്റെ അനുയായികളുടെ മുഖ്യ ഉത്തര വാദിത്വമാകുന്നു. പ്രവാചകന്റെ അനുയായികൾ ആണെന്ന് അവ കാശപ്പെടണമെങ്കിൽ ദൈവത്തിന്റെ സന്ദേശം എപ്പോഴും എല്ലാ ജനങ്ങളിലും എത്തിക്കാൻ കഴിയണം. അത് ഐച്ഛികമായ കർത്തവ്യമല്ല. ആ ദൗത്യത്തിൽ പങ്കാളികൾ ആകുക എന്നത് സമുദായത്തിലെ ഓരോ അംഗത്തിന്റെയും കടമയാണ്. ഇസ്ലാ മിനെ കുറിച്ച് വേണ്ടത്ര അറിവില്ലാത്ത മുസ്ലീങ്ങൾ വിശുദ്ധ ഖുർ ആന്റെ ഓരോ പ്രതി ജനങ്ങളിൽ വിതരണം ചെയ്തിട്ടെങ്കിലും ദഅവാ പ്രവർത്തനത്തിൽ മുഴുകണം. അങ്ങനെ ചെയ്തെങ്കിലേ പ്രവാചക സമുദായത്തിലെ ഒരംഗമാണെന്ന് ഒരുവന് സ്വയം അവ കാശപ്പെടാൻ സാധിക്കുകയുള്ളു.

## 15

# ദഅവാ പ്രവർത്തനത്തിന്റെ മൂന്ന് തലങ്ങൾ

**മു**സ്ലീങ്ങൾ നിർബ്ബന്ധമായും ചെയ്യേണ്ട ദഅവാ പ്രവർത്തനത്തിന് മൂന്ന് തലങ്ങളുണ്ട്. വിശ്വാസിയായ ഓരോ ആണും പെണ്ണും അതിൽ ഏതെങ്കിലും ഒരു തലത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സ്വയം തെളിയിക്കണം. ദഅവാ ദൗത്യത്തിൽ പങ്കെടുക്കാത്തവരുടെ കർമ്മങ്ങൾ ദൈവത്തിന്റെ കണ്ണിൽ വിലകെട്ടതായിപ്പോകും. അക്കാര്യത്തിൽ ദൈവത്തിന് പ്രവാചകനോടുള്ള അതേ മാനദണ്ഡമായിരിക്കും അനുയായികളുടെ മേലും ഉണ്ടായിരിക്കുക.

മാർഗ്ഗ നിർദ്ദേശം കൊടുക്കുന്ന കാര്യത്തിൽ ഓരോ വിശ്വാസിയും വർദ്ധിച്ച ഔത്സുക്യം പ്രകടിപ്പിക്കണം. പ്രവർത്തിക്കാനുള്ള ഒരാളുടെ സദുദ്ദേശ്യമാണ് ദഅവാ പ്രവർത്തനത്തിന് ആദ്യമായി വേണ്ടത്. ഇസ്ലാമിക ശരീഅത്തിൽ അതിന്, നീയത്ത് എന്നാണ് പറയുക. ദഅവാ പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള സദുദ്ദേശ്യമെന്ന് അർത്ഥം. ആ സദുദ്ദേശ്യം പക്ഷെ വാഗ്ധോരണിയോ അധര വ്യായാമമോ അല്ല. ഹൃദയത്തെ മഥിക്കുന്ന ഒരു തരം വികാരമാണത്. മാർഗ്ഗ ഭ്രംശം സംഭവിച്ചവരെ കണ്ടുമുട്ടിയാൽ ഓരോ വിശ്വാസിയും അസ്വസ്ഥ ചിത്തനും വിറകൊള്ളുന്നവനും ആകണം. അത്രമാത്രം കഠിനമാകണം അവരുടെ വികാരം. അവരെക്കുറിച്ച് ആലോചിക്കുമ്പോൾ അയാൾ ഈറനണിയണം. ഏകാന്തതയിൽ ധ്യാനമിരിക്കുമ്പോൾ അവരെ നേർവ്വഴിയിൽ നയിക്കാൻ വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണം.

ദഅവാ പ്രവർത്തനത്തിന് തടസ്സം വരാതിരിക്കാൻ എല്ലാ

വിധ കരുതൽ നടപടികളും സ്വീകരിക്കുക എന്നതാണ് രണ്ടാമത്തെ തലം. ജനങ്ങളുടെ മനസ്സിൽ ഇസ്‌ലാമിനെ കുറിച്ച് വിദ്വേഷമോ വെറുപ്പോ അസഹ്യതയോ ഉളവാക്കുന്ന പെരുമാറ്റ രീതി ഒരു ദാഇയിൽ നിന്നും ഉണ്ടാകാൻ പാടില്ല. പറയുന്ന ആളും കേൾക്കുന്ന ആളും തമ്മിൽ കലഹിക്കുന്ന അവസ്ഥകളിൽ നിന്ന് വിട്ടുനിൽക്കണം. സാമ്പത്തികമോ ദേശീയമോ രാഷ്ട്രീയമോ ആയ താത്പര്യങ്ങൾ ത്യജിച്ചുകൊണ്ട് പ്രവർത്തിക്കാൻ ദാഇ ശ്രമിക്കണം.

നേരിട്ട് നടത്തുന്ന ദഅവാ പ്രവർത്തനമാണ് മൂന്നാമത്തെ തലം. പ്രഭാഷണം, എഴുത്ത്, ആധുനിക മാധ്യമങ്ങൾ എന്നിവയുടെ സഹായത്തോടെ ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ കഴിവുള്ളവർ അവ ഉപയോഗപ്പെടുത്തി ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കണം. നല്ല മതിപ്പുളവാക്കുന്ന വിധത്തിൽ വാദഗതിയിലൂടെ ജന മനസ്സുകളെ അഭിമുഖീകരിക്കാൻ ശ്രമിക്കണം. അതു വഴി ശ്രോതാവിന് തെറ്റായ വഴി വെടിയാനും സത്യ മാർഗ്ഗം സ്വീകരിക്കാനും സാധിക്കും.

*ദൈവം നിങ്ങളെ ജനങ്ങളിൽ നിന്ന് രക്ഷിക്കും* എന്ന ഖുർആനിക വചനം അർത്ഥമാക്കുന്നത്, നിങ്ങൾ കർമ്മങ്ങളിൽ ഒഴികഴിവുകൾ പ്രകടിപ്പിക്കേണ്ട ആവശ്യമില്ല എന്നാണ്. ആ സാഹചര്യത്തിൽ നിങ്ങളുടെ ഒഴികഴിവുകൾ ദൈവം സ്വീകരിക്കുകയില്ല. നിങ്ങളുടെ സാധ്യമോ അസാധ്യമോ ആയ എല്ലാ ഒഴികഴിവുകളും ദൈവത്തിൽ അർപ്പിക്കുകയും പൂർണ്ണമായും ദഅവാ പ്രവർത്തനത്തിൽ മുഴുകുകയും ചെയ്യുക. ആ വിഭാഗത്തിൽ വിശ്വാസികളുടെ മറ്റേതൊരു പ്രവർത്തനവും സ്വീകാര്യമാവുകയില്ല.

മനുഷ്യന്റെ മേലുള്ള ദൈവിക നിയമം എന്താണെന്നുവെച്ചാൽ മനുഷ്യന് എന്തിനാണോ കഴിവുള്ളത്, അതിന്മേൽ ആയിരിക്കും അവന്റെ കണക്കുനോക്കൽ. ഒരാൾക്ക് എന്തെല്ലാം കഴിവുകളുണ്ടോ അതിന്മേൽ മാത്രമെ അവനെ ഉത്തരവാദി ആക്കുകയുള്ളു. അവൻ കഴിവുകുറഞ്ഞവൻ ആണെങ്കിൽ മറ്റുള്ളവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കായി അയാൾ പ്രാർത്ഥിക്കുകയെങ്കിലും വേണം.

## 16

# മധ്യദേശം

**വി**ശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നു:

*അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി.*

ഉദ്ധരിച്ച സൂക്തത്തിൽ, മത പ്രബോധന രംഗത്ത് പ്രവർത്തിക്കുന്ന മുസ്‌ലീങ്ങളുടെ പദവിയെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. അവർ ആ ദിവ്യ മതത്തെ സ്വീകരിച്ചത് ദൈവദൂതനിലൂടെയാണ്. ആ മതത്തെ ഓരോ കാലത്തെയും തലമുറകളിലേക്ക് സ്ഥിരമായി എത്തിക്കേണ്ടത് അവരുടെ കർത്തവ്യമാണ്. ഉദ്ധരിച്ച സൂക്തത്തിലെ, സാക്ഷിയെന്ന പദത്തിന് ദാഇ എന്നാണർത്ഥം (മറ്റുള്ളവരിലേക്ക് ദിവ്യ സന്ദേശം എത്തിക്കുന്നവൻ).

തങ്ങളുടെ പ്രവാചകനിലൂടെ ലഭിച്ച സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്നത് ഓരോ പ്രവാചകന്റെയും അനുയായികളുടെ ഉത്തരവാദിത്വമാകുന്നു. പണ്ടുകാലത്തെ അഹൽ അൽ കിത്താബുകാരുടെ (കിത്താബ് നല്കപ്പെട്ടവരുടെ) ഉത്തരവാദിത്വമായിരുന്നു അത്. ഖുർആനിൽ അതിനുപയോഗിച്ച സാങ്കേതിക പദം, താബിഈൻ, അതായത് ദൈവത്തിന്റെ അധ്യാപനങ്ങൾ മനുഷ്യവർഗ്ഗത്തിന് വ്യക്തമാക്കിക്കൊടുക്കുന്നവൻ എന്നാണ് (2:18). ആ താബിഈൻ അഥവാ ദാഇ അല്ലെങ്കിൽ സാക്ഷി ഒരു അത്ഭുത പ്രതിഭാസമോ പ്രതാപമോ അല്ല. അത് ദഅവയുടെ ഉത്തരവാദിത്വമാണ്. ദഅവ പോലെ ഉത്തരവാദിത്വമുള്ള വലിയ ഒരു പ്രവർത്തി വേറെ ഇല്ല.

വളരെ കണിശമായി ദഅവാ പ്രവർത്തനം നടത്താൻ ഉത്ത

രവാദപ്പെട്ടവരാണ് പ്രവാചകന്റെ അനുയായികൾ. കാരണം, മുഹമ്മദ്(സ) അല്ലാഹുവിന്റെ അവസാനത്തെ നബിയാണ്. അദ്ദേഹത്തിന് ശേഷം മറ്റൊരു നബി ഇനി വരാനില്ല. അതുകൊണ്ട് മുഹമ്മദുനബിയുടെ(സ) അനുയായികൾ ആണ് വരാൻ പോകുന്ന ജനങ്ങളിലേക്ക് എല്ലാ കാലത്തേക്കുമുള്ള ദിവ്യസന്ദേശം എത്തിക്കാൻ കടപ്പെട്ടവർ. ഓരോ മുസ്‌ലീമും ആ കർത്തവ്യം നിറവേറ്റുന്നതിനാണ് മുൻ ഗണന നല്കേണ്ടത്. സദസ്സിന്റെ നിലവാരം അനുസരിച്ച് ദഅവാ പ്രവർത്തനം നടത്തണം. അതായത്, അവരുടെ മനസ്സുകളെ സ്വാധീനിക്കുന്ന ഭാഷയിൽ ഉദ്ബോധനം നടത്തണം.

## 17

# ദഅവയും ഇസ്‌ലാഹും

പ്രവാചകന്റെ അനുയായികളുടെ ഉത്തരവാദിത്വം വിവരിക്കുന്ന സന്ദർഭങ്ങളിൽ ഖുർആൻ രണ്ട് വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ചതായിക്കാണാം. ദഅവാ ഇലല്ലാ (ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കൽ) എന്നും അമർ ബിൽ മഅറൂഫ് വ അൻഹ അനിൽ മുൻകർ (നല്ലതിനെ സ്വീകരിക്കലും തിന്മയെ വെടിയലും) എന്നും. അവ രണ്ടും പര്യായ പദങ്ങളല്ല. മറിച്ച്, രണ്ട് വ്യത്യസ്ത കർമ്മങ്ങൾ വിവരിക്കാൻ ഉപയോഗിച്ച പദങ്ങളാണ്.

അമുസ്‌ലീങ്ങളെ ഏക ദൈവത്തിലേക്ക് ക്ഷണിക്കലാണ്, ദഅവാ ഇലല്ലാ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ദിവ്യ സന്ദേശം അമുസ്‌ലീങ്ങളിൽ എത്തിക്കുന്ന കർത്തവ്യത്തിന് ദഅവാ എന്നും പ്രയോഗിച്ചിച്ചിരിക്കുന്നു. അതേ ആശയം വരുന്ന വേറെ ചില പദങ്ങളും ഖുർആനിൽ പ്രയോഗിച്ചിട്ടുണ്ട്. ഇന്താർ (താക്കീത് നല്കൽ), തബ്ശീർ (സന്തോഷ വാർത്ത അറിയിക്കൽ), ശഹാദ (സാക്ഷ്യം വഹിക്കൽ) എന്നിത്യാദി. ദഅവാ പ്രവർത്തനത്തിന്റെ വിശദാംശങ്ങളും ഉപാധികളും ഖുർ ആൻ പഠനത്തിലൂടെ അറിയാൻ കഴിയും.

അമർ ബിൽ മഅറൂഫ് വ അൻഹ അനിൽ മുൻകർ (നല്ലതിനെ സ്വീകരിക്കലും തിന്മയെ വെടിയലും) ആണ് മുസ്‌ലീങ്ങൾക്കിടയിൽ നടത്തപ്പെടേണ്ട ദഅവാ പ്രവർത്തനം. സർക്കാരുമായോ അധികാരികളുമായോ അതിന് ബന്ധമില്ല. മുസ്‌ലീം സമുദായത്തിനുള്ളിൽ നടത്തേണ്ട ആഭ്യന്തര കർത്തവ്യമാണത്. അവരോട് നല്ലതിനെ സ്വീകരിക്കാനും തിന്മയെ തിരസ്കരിക്കാനും ആജ്ഞാപിക്കലാണത്. ചുരുക്കത്തിൽ, അത് സമാധാന പരമായ ഒരു പ്രവർത്തിയാണ്. നിർബ്ബന്ധത്തിനോ ബലാൽക്കാരത്തിനോ

അവിടെ സ്ഥാനമില്ല.

പുനരുത്ഥാന ദിനം വരെ തലമുറ തലമുറയായി ദഅവാ പ്രവർത്തനം നടത്തേണ്ടതുണ്ട്. അത് നിർബ്ബന്ധമായി ചെയ്യേണ്ട ദിവ്യ കർമ്മമാണ്. എങ്കിലേ ദൈവത്തിന്റെ തെളിവുകൾ ജന ങ്ങൾക്കെതിരായി സ്ഥാപിക്കാനാകൂ. പ്രവാചകന്റെ കാലത്ത് നിർവ്വഹിച്ച പ്രവർത്തി അദ്ദേഹത്തിന്റെ കാല ശേഷം അനുയായി കൾ അതേ പോലെ നിർവ്വഹിക്കേണ്ടതുണ്ട്. ഇസ്‌ലാഹ് അഥവാ അമർ ബിൽ മഅറൂഫ് വ അൻഹ അനിൽ മുൻക്കർ (നല്ലതിനെ സ്വീകരിക്കലും ചീത്തയെ തിരസ്കരിക്കലും) എന്ന പ്രവർത്തിയും നിർബ്ബന്ധമായി നിർവ്വഹിക്കേണ്ടതാണ്. അത് മുസ്‌ലീം സമുദാ യത്തിന്റെ ആഭ്യന്തര പരിഷ്കരണം ഉറപ്പുവരുത്തും. അത് ഉപേ ക്ഷിക്കൽ ഖുർആൻ പ്രകാരം വൻ പാപമാകുന്നു. ഉപേക്ഷി ക്കുന്ന പക്ഷം മുസ്‌ലീം സമുദായം ദൈവ ശാപത്തിന് പാത്രമാ കും. അത്തരത്തിലുള്ള ഒരു ബാധ്യതയാണത്. മറ്റൊരു ചുമത ലയും അതിന് പകരംവെക്കാനില്ല.

## 18

# ദഅവാ പ്രവർത്തനത്തിനുവേണ്ട ഉപാധികൾ

**വി**ശുദ്ധ ഖുർആൻ അനുസരിച്ച് ഒരു ദാഇക്ക് രണ്ട് യോഗ്യതകൾ ഉണ്ടായിരിക്കണം: ഗുണകാംക്ഷയും കലർപ്പില്ലാത്ത ദഅവയും. ഖുർആനിൽ പ്രവാചകനിലൂടെ അക്കാര്യം വിവരിക്കുന്നു:

*എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയുമാകുന്നു* (7:68).

ഇവിടെ ഉപദേശങ്ങൾ അഥവാ നസീഹ് എന്നതിന് അർത്ഥം നന്മ ആശംസിക്കുന്നവൻ അഥവാ ഗുണകാംക്ഷിയെന്നും, സത്യസന്ധത അഥവാ അമീൻ എന്നതിന് അർത്ഥം ദൈവം അയച്ച കലർപ്പില്ലാത്ത സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നവൻ എന്നുമാകുന്നു.

നസീഹ് അഥവാ നന്മ ആശംസിക്കുന്നവൻ ആരാകുന്നു?

ഒരുവനെ പിന്തുണക്കുകയും അയാൾ ഇഹപരലോകത്ത് വിജയിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവനാണ് നസീഹ് അഥവാ ഗുണകാംക്ഷി. ദഅവാ എന്നാൽ പലരും ധരിച്ചുവെച്ചിരിക്കുന്നതുപോലെ ഒരു സംവാദമല്ല. കാരണം, സംവാദത്തിൽ ഏർപ്പെടുന്ന ഒരാളുടെ ലക്ഷ്യം എതിരാളിയെ തോല്പിക്കലാണ്. സംവാദത്തിൽ എതിരാളിയെ കീഴടക്കാൻ സാധ്യമായ സർവ്വ അടവുകളും പ്രയോഗിക്കപ്പെടും. എതിരാളിയുടെ വിജയത്തിനായുള്ള പ്രോത്സാഹനം അവിടെ സംഭവിക്കുന്നില്ല. അതേ പോലെ ദേശീയ വിഷയങ്ങൾ ദഅവയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. കാരണം, ദഅവാ പ്രവർത്തനം സർവ്വ ജന നന്മ ഉദ്ദേശിച്ചുകൊ

ണ്ടുള്ളതാണ്. ദേശീയ പ്രവർത്തനങ്ങളാകട്ടെ, ഒരാളുടെ രാജ്യ ത്തിന്റെയോ സമുദായത്തിന്റെയോ നന്മ ഉദ്ദേശിച്ചുകൊണ്ടുള്ളതും. ഗുണകാംക്ഷ ലക്ഷ്യമിടാത്ത ഒരു പ്രവർത്തനവും അക്ഷരാർത്ഥ ത്തിൽ ദഅവാ പ്രവർത്തനമാകില്ല.

ദിവ്യ സന്ദേശത്തിൽ ദാഇ യാതൊന്നും കൂട്ടിക്കലർത്തരുത്. അതാണ് സത്യസന്ധത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശുദ്ധവും കലർപ്പില്ലാത്തതുമായ ദിവ്യ സന്ദേശമാണ് ജന സ മക്ഷം അവതരിപ്പിക്കേണ്ടത്. സാമ്പത്തികമോ രാഷ്ട്രീയമോ ആയ വിഷയങ്ങളിൽ ഊന്നിയ ദഅവാ പ്രവർത്തനം ദേശീയ പ്രസ്ഥാനമല്ലാതെ മറ്റൊന്നുമല്ല. സത്യത്തിൽ അത് ദഅവാ പ്രസ്ഥാനമല്ല.

നസീഹ് അഥവാ ഉപദേശകൻ ആവുക എന്നാൽ ഒരു ദാഇയെ സംബന്ധിച്ചിടത്തോളം ചെറിയ കാര്യമല്ല. മദഉവിന് എതിരായുള്ള വിദ്വേഷങ്ങളിൽ നിന്നും ദുർ വിചാരങ്ങളിൽ നിന്നും ദാഇ സ്വതന്ത്രനാകണം. മനസ്സിൽ നല്ലതുമാത്രം ആഗ്ര ഹിക്കണം. യേശുക്രിസ്തു പറഞ്ഞതുപോലെ, എല്ലാവരെയും സ്നേഹിക്കുക; ശത്രുവിനെപ്പോലും.

ഖുർആന്റെ വെളിച്ചത്തിൽ ആരാണോ നിഷേധാത്മകത യിൽ നിന്ന് ആത്മ ശുദ്ധി കൈവരിക്കുന്നത് അത്തരക്കാർക്ക് മാത്രമെ അക്ഷരാർത്ഥത്തിൽ 'ദഅവാ ഇലല്ലാ' സാക്ഷാത്കരി ക്കാൻ കഴിയുകയുള്ളു.

## 19

# ദഅവയും സഹിഷ്ണുതയും

**ഇ**സ്ലാമിക മത പ്രവർത്തന ദൗത്യ പരിപാടിക്ക് രണ്ട് പ്രധാന ആശയങ്ങളുണ്ട്: ദഅവയും സഹിഷ്ണുതയും. വിശുദ്ധ ഖുർആനിലെ ദിവ്യ സന്ദേശം സർവ്വരിലും എത്തിക്കൽ ദഅവയും, ഇന്നത്തെ സാഹചര്യത്തിൽ ബാക്കി എല്ലാറ്റിലും സ്വീകാര്യത ഉൾക്കൊള്ളൽ സഹിഷ്ണുതയുമാകുന്നു. അതിനെയാണ് മാറ്റമില്ലാത്ത സ്ഥിതിയെ സ്വീകരിക്കുക എന്നുപറയുന്നത്.

ദഅവാ പ്രവർത്തനത്തിന് സഹിഷ്ണുത അത്യാവശ്യമാണ്. ഇക്കാലത്തെ മനുഷ്യർ പ്രതികൂല സാഹചര്യങ്ങളെയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. അത് പ്രകൃതീ നിയമമാണ്. ഒരു ദാഇ പ്രതികൂല സാഹചര്യത്തിൽ മദഉമാരോട് വാദിക്കുകയാണെങ്കിൽ അയാൾക്ക് ദഅവാ പ്രവർത്തനത്തിന് സമയം കിട്ടിക്കൊള്ളണമെന്നില്ല. അഥവാ ദാഇക്കും മദഉവിനും ഇടയിലുള്ള ദഅവാ പ്രവർത്തനത്തിന് ആവശ്യമായ അനുകൂല സാഹചര്യം നഷ്ടപ്പെടും.

ദഅവാ പ്രവർത്തനം നടത്തേണ്ടത് ത്യാഗത്തിലൂടെയാണ് – സമ്പത്തിന്റെ, വൈകാരികതയുടെ, ജീവത്യാഗത്തിന്റെ. അവയിൽ ഏറ്റവും ആവശ്യമായത് ഒരാളുടെ വൈകാരിക ത്യാഗമാണ്. മറ്റുള്ളവരിൽ നിന്ന് അനിഷ്ടകരങ്ങളായ അനുഭവങ്ങളുണ്ടാകുമ്പോൾ ദാഇയിൽ അപ്രിയ ചിന്തകൾ ഉയർന്നുവരികയും അത് അവനെ പ്രതികാരത്തിലേക്കും വിദ്വേഷത്തിലേക്കും നയിക്കുകയും ചെയ്യും. അമിതമായ ചീത്ത വികാരങ്ങൾക്ക് അടിപ്പെടുന്ന ദാഇക്ക് ദഅവാ പ്രവർത്തനത്തിനാവശ്യമായ സാഹചര്യം നഷ്ടപ്പെടും.

അതുകൊണ്ട് ദാഇ അക്കാര്യം മനസ്സിൽ സദാ സൂക്ഷിക്കുകയും വൈകാരിക ചിന്തകളെ ത്യജിച്ചും സദ്വിചാരങ്ങൾ കാത്തുസൂക്ഷിച്ചുമാവണം പ്രവർത്തിക്കേണ്ടത്. ദഅവാ പ്രവർത്തനത്തിന് അത് അത്യന്താപേക്ഷിതമാണ്. അതില്ലെങ്കിൽ ദഅവാ പ്രവർത്തനം സാധ്യമല്ലതന്നെ. അതിനെയാണ് ശരീഅത്തിലെ രാഷ്ട്രീയത്തിന്റെയും സഹിഷ്ണുതയുടെയും മാറ്റമില്ലാത്ത അവസ്ഥയെ സ്വീകരിക്കുക എന്നുപറയുന്നത്. ആ ഒരു ത്യാഗത്തിലൂടെയാവണം ദഅവാ പ്രവർത്തനത്തിലേർപ്പെടേണ്ടത്. എവിടെ സഹിഷ്ണുത ഇല്ലയോ അവിടെ ദഅവാ പ്രവർത്തനവുമില്ല.

ദഅവയുടെ മൂല്യമാണ് സഹിഷ്ണുത. സഹിഷ്ണുതയുടെ വില കൊടുത്താലേ ദഅവ സാധ്യമാവൂ. വാണിജ്യശാസ്ത്രത്തിലെ സാങ്കേതിക പദമായ ഉപഭോക്തൃ സൗഹൃദം തന്നെയാണിത്. ഏകപക്ഷീയമായ സഹിഷ്ണുതയാണ് ഏതൊരു വ്യാപാരിയും കൈകൊള്ളുക. അതേ പ്രകാരം ദാഇ ദിവ്യ സന്ദേശം ജനങ്ങളിലെത്തിക്കുമ്പോൾ ഏകപക്ഷീയമായ സഹിഷ്ണുത ഉൾക്കൊള്ളണം. ആ മദഉ സൗഹൃദ സ്വഭാവത്തെയാണ് സഹിഷ്ണുത എന്നുപറയുന്നത്.

## 20

# സാർവ്വത്രിക ദൗത്യം

**വി**ശുദ്ധ ഖുർആനിലെ അധ്യായം: 25 ആരംഭിക്കുന്നത് ഇപ്രകാരമാണ്:

*തന്റെ ദാസന്റെ മേൽ സത്യാസത്യ വിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹ പൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനുവേണ്ടിയത്രെ അത്.*

ഖുർആനിൽ 'അൽ ആലമീൻ' എന്ന പദം 73 തവണ ആവർത്തിച്ചുവരുന്നുണ്ട്. അത് കാണിക്കുന്നത്, ഖുർആനിന്റെ സന്ദേശം ഒരു സാർവ്വത്രിക സന്ദേശം ആണെന്നാണ്. അനുയായികളിൽ ഒരു സാർവ്വത്രിക വീക്ഷണം ഉണ്ടാക്കുക എന്നതാണ് ഖുർആന്റെ ആവശ്യം. ഒരേയൊരു കണ്ണുകൊണ്ട് ദൈവം മുഴുവൻ ലോകത്തെയും കാണുന്നു. ദൈവം തന്റെ അടിമകളിലും സാർവ്വത്രിക വീക്ഷണം രൂപപ്പെടണമെന്ന് ആഗ്രഹിക്കുന്നു. നിയന്ത്രണങ്ങളുടെ പുറംതോടിനുള്ളിൽ അവർ ജീവിക്കരുത്. പകരം അവരിൽത്തന്നെ മഹാ മനസ്കത വികസിച്ചുവരണം.

എങ്ങനെയാണ് ഈ സാർവ്വത്രിക വീക്ഷണം മനുഷ്യനിൽ വികസിച്ചുവരിക?

ദഅവാ ഇലല്ലാഹിയിലൂടെ അത് തീർച്ചയായും സാധിക്കും. അതായത്, ദൈവത്തിന്റെ സന്ദേശം തന്റെ അടിമകളിലേക്ക് എത്തിക്കുക എന്ന കടമ നിർവ്വഹിക്കുന്നതിലൂടെ. നൂറോളം നിയമ വിഷയങ്ങളേ ഖുർആൻ ചർച്ചചെയ്യുന്നുള്ളുവെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഹദീസിലാകട്ടെ, ആയിരക്കണക്കിന് നിയമ വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ ഫിഖിഹിൽ

അവയുടെ എണ്ണം ലക്ഷത്തോളം വരും. അവ കണക്കിലെടുക്കുമ്പോൾ തത്വിഷയങ്ങൾ മുസ്ലീം സമുദായവുമായി ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കാൻ കഴിയും. ആ വലിയ പട്ടികയിൽ ഒരെണ്ണത്തിനുമാത്രമെ പൊതു സ്വഭാവമുള്ളു. അത് ദഅവാ ഇലല്ലയാണ്. അതായത് ദൈവത്തിന്റെ സന്ദേശം തന്റെ സർവ്വ ദാസന്മാരിലും എത്തിക്കുക. ദഅവയുടെ ആ പദവിയാണ് അതിനെ ഒരു സാർവ്വത്രിക കല്പനയാക്കുന്നത്. മറ്റ് കല്പനകൾ മുസ്ലീം അധിഷ്ഠിതമാണെങ്കിൽ ദഅവയുടെ പദവി മനുഷ്യാധിഷ്ഠിതമാണ്.

ശരിയായ രീതിയിലാണ് മുസ്ലീങ്ങൾ ദഅവാ പ്രവർത്തനം നടത്തുന്നതെങ്കിൽ അവർക്ക് സ്വാഭാവികമായും തങ്ങളിൽത്തന്നെ ഒരു സാർവ്വത്രിക വീക്ഷണം വികസിച്ചുവരുന്നതായി അനുഭവപ്പെടും. അവരുടെ ചിന്തകളും ആസൂത്രണങ്ങളും സാന്മാർഗ്ഗികത ഉൾക്കൊള്ളും. സർവ്വരിലേക്കും സഹതാപത്തിന്റെ വികാരം വികസിക്കും. സ്വന്തമായൊരു വ്യക്തിത്വത്തിലൂടെ വേറിട്ടു നിൽക്കുന്നതിന് പകരം എല്ലാ മനുഷ്യരെക്കുറിച്ചും അവർ ചിന്തിക്കും. ആ സാർവ്വത്രിക മനോഭാവം അവരുടെ എല്ലാ പ്രവർത്തനങ്ങളെയും സാർവ്വത്രികമാക്കും.

## 21

# പ്രവാചകന്റെ അനുയായികളുടെ പദവി

മനുഷ്യ സൃഷ്ടിപ്പിന് ശേഷം അവരെ ശരിയായ പാതയി ലേക്ക് നയിക്കാൻ വേണ്ടി ദൈവം തുടർച്ചയായി ദൂതന്മാരെ അയ ച്ചു. സഹസ്രാബ്ദങ്ങളോളം അത് തുടർന്നു. ഒടുവിൽ ദൈവം തന്റെ അന്ത്യപ്രവാചകനായി മുഹമ്മദുനബിയെ(സ) അയച്ചു. ഉയിർത്തെഴുന്നേല്പ് ദിവസം വരെ ഇനി ഒരു പ്രവാചകനും വരാ നില്ല.

ഇസ്രയീൽ സന്തതികളെ അഭിസംബോധന ചെയ്തു കൊണ്ട് ഖുർആനിൽ ദൈവം പറഞ്ഞു:

*ഇസ്രയീൽ സന്തതികളേ, നിങ്ങൾക്ക് ഞാൻ ചെയ്തുതന്നി ട്ടുള്ള അനുഗ്രഹവും മറ്റ് ജന വിഭാഗങ്ങളെക്കാൾ നിങ്ങൾക്ക് ഞാൻ നല്കിയ ശ്രേഷ്ഠതയും നിങ്ങൾ ഓർക്കുക. (33:48)*

ഉദ്ധരിച്ച വചനത്തിൽ ഒരേ വ്യവസ്ഥയിലുള്ള ദൈവിക മാർഗ്ഗ ദർശ്ശനത്തെ പ്രതിപാദിച്ചിരിക്കുകയാണ്. അന്ത്യപ്രവാചക നായ മുഹമ്മദുനബിക്ക്(സ) മുമ്പ് ദൈവം അയച്ച പ്രവാചകന്മാർ ഇസ്രയീൽ സന്തതികളിൽ നിന്ന് ആയിരുന്നു. പ്രവാചകന്മാരുടെ സന്ദേശം മറ്റ് ദേശക്കാരിൽ എത്തിക്കുക എന്നത് തങ്ങളുടെ അനുയായികളുടെ ഉത്തരവാദിത്വമായിരുന്നു. പക്ഷെ, പിന്നീട് വന്നവർ ദിവ്യ വചനങ്ങളെ വളച്ചൊടിക്കുകയും സ്വാർത്ഥ താത്പ ര്യങ്ങൾ പിൻ പറ്റുന്നവരായിത്തീരുകയും ചെയ്തു.

അതിനുശേഷം ദൈവം ഇസ്രയീൽ സന്തതികളിൽ നിന്ന് താൻ നല്കിയ ആനുകൂല്യങ്ങൾ തിരിച്ചെടുക്കുകയും അത് പ്രവാ ചകൻ മുഹമ്മദുനബിയുടെ(സ) അനുയായികൾക്ക് നല്കുകയും ചെയ്തു. ജനങ്ങളിലേക്ക് എന്നെന്നേക്കുമായി കൊണ്ടുവന്ന

സമുദായങ്ങളിൽ വെച്ച് ഏറ്റവും നല്ല സമുദായം മുഹമ്മദുനബി യുടേതാണെന്ന്(സ) ഖുർആനിൽ വിവരിച്ചിട്ടുണ്ട് (3:110). ആ സമുദായത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഹദീസ് ഗ്രന്ഥങ്ങളിലും പ്രവാചക ഉദ്ധരണികളിലും കാണാം. പണ്ടുകാലങ്ങളിൽ ദൈവം ഏത് ദൗത്യത്തിനാണോ ഇസ്രയീൽ സന്തതികളെ തിരഞ്ഞെടുത്തത് അതേ ദൗത്യത്തിനാണ് മുഹമ്മദുനബിയുടെ(സ) സമുദായത്തെയും തിരഞ്ഞെടുത്തത് എന്നാണ് അതിനർത്ഥം. മാർഗ്ഗദർശനത്തിന്റെ ദിവ്യ സന്ദേശം ലോകമാകമാനമുള്ള ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഉത്തരവാദിത്വം മുസ്ലീം സമുദായത്തിന്റേതാണ്. ഉയിർത്തെഴുന്നേല്പിന്റെ ദിനം വരെ ആ ദൗത്യം തലമുറ തലമുറകളിലായി തുടർന്നുകൊണ്ടിരിക്കണം. ദിവ്യ സന്ദേശ പ്രചാരണ ദൗത്യത്തിൽ നിന്ന് വ്യതിചലിച്ചാൽ, വരമായി നല്കപ്പെട്ട സ്ഥാനം മുസ്ലീങ്ങൾക്കും നഷ്ടപ്പെടും, ഇസ്രയീൽ സന്തതികൾക്ക് നഷ്ടപ്പെട്ടതുപോലെ.

## 22

# ഇഖ്‌വാന്റെ ജോലി

**ഇ**ഖ്‌വാൻ അഥവാ സഹോദരന്മാരെ സംബന്ധിച്ച് പറയുന്ന പ്രവാചകന്റെ ഒരു വചനമുണ്ട്:

പ്രവാചകൻ പറഞ്ഞു: “എനിക്ക് എന്റെ സഹോദരീ സഹോദരന്മാരെ കാണണം.” അപ്പോൾ ഞങ്ങൾ താങ്കളുടെ സഹോദരീസഹോദരന്മാരല്ലേയെന്ന് അനുയായികൾ ചോദിച്ചു. പ്രവാചകൻ പറഞ്ഞു: “നിങ്ങൾ എന്റെ അനുയായികളാണ്. എന്റെ സഹോദരീ സഹോദരന്മാർ പിന്നീട് വരും. എന്നെ കാണാതെ അവർ എന്നിൽ വിശ്വസിക്കും.”

ഉദ്ധരിച്ച ഹദീസിൽ, ഇഖ്‌വാൻ അല്ലെങ്കിൽ സഹോദരീ സഹോദരന്മാർ എന്നതുകൊണ്ട് പ്രവാചകൻ ഉദ്ദേശിച്ചത്, ദിവ്യ സന്ദേശം ജനങ്ങളിൽ എത്തിക്കാനായി അതതുകാലത്ത് ആവിർഭവിക്കുന്ന വിശ്വാസികളെക്കുറിച്ചാണ്. പ്രവാചകനെ കാണാതെ അവർ പ്രവാചകനിൽ വിശ്വസിക്കും.

‘ഇഖ്‌വാൻ അർറസൂൽ’ ആയിരത്തിലധികം വർഷങ്ങളായി ഒരു നിഗൂഢ പദമായാണ് കരുതിപ്പോന്നത്. അവർ ആരായിരിക്കുമെന്നോ ഭാവിയിൽ അവരുടെ പ്രവർത്തി എന്തായിരിക്കുമെന്നോ വ്യക്തമല്ലായിരുന്നു. എന്നാൽ ഇന്ന് ആ വിഭാഗത്തിന്റെ ധർമ്മം വ്യക്തമായ സ്ഥിതിക്ക് ഇസ്‌ലാമിക ചരിത്രത്തിൽ ആ വാക്ക് ഒരു പ്രത്യേക വിഭാഗത്തിന് പ്രയോഗയോഗ്യമാണ്. മേൽപ്പറഞ്ഞ ഹദീസ് ദഅവയുടെ പ്രവാചക കടമ പ്രാവർത്തികമാക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു. ശാസ്ത്ര യുഗത്തിനുശേഷമുള്ള ഇക്കാലഘട്ടത്തിലും ദിവ്യ സന്ദേശം (അതിന്റെ പരിശുദ്ധിയിലും കൂടിച്ചേർക്കലുകൾ ഇല്ലാതെയും) ഇന്നത്തെ ഭാഷയിൽ എല്ലാവരിലേക്കും പ്രചരിപ്പിക്കണം.

ഇഖ്‌വാൻ അർറസൂൽ എന്ന ശ്രേഷ്ഠ പദവിയിലേക്ക് അവരോധിക്കപ്പെടാൻ സാധ്യതയുള്ളവരാണ് ഇക്കാലത്തെ ദഅവാ പ്രവർത്തകർ. ആ സാധ്യതയെ അവരവരുടെ പ്രവർത്തനത്തിലൂടെ യാഥാർഥ്യമാക്കുക എന്നത് പ്രവാചകന്റെ ഓരോ അനുയായിയുടെയും കടമയാണ്. ആദ്യം അവർ ഇസ്‌ലാമിനെ സ്വയം കണ്ടെത്തട്ടെ. അതിൽപ്പിന്നെ വാക്കിന്റെ ശരിയായ അർഥത്തിൽ ദാഇ (ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്നവർ) ആയിത്തീരുക. സർവ്വരിലും നന്മ വർഷിക്കണമെന്ന ആഗ്രഹം ഉൾക്കൊള്ളാൻ അത് അനിവാര്യമാണ്. താഴെ കൊടുക്കുന്ന ഹദീസ് അവരുടെ കാര്യത്തിൽ സത്യമായി പുലരുന്നുണ്ട്.

“ദൈവം കാരണമായി ഇസ്‌ലാമിക വചനങ്ങൾ എത്താത്ത ചെറുതോ വലുതോ ആയ ഒരൊറ്റ വീടുപോലും ബാക്കിയാവില്ല.”

അത് തിരഞ്ഞെടുക്കപ്പെട്ട ജനവിഭാഗത്തിന്റെ കാര്യമല്ല. ഒരാളുടെ ഉത്തരവാദിത്വം നടപ്പിലാക്കാനുള്ള വിഷയമാണ്. ദഅവാ പ്രവർത്തനവുമായി ജീവിക്കുകയും അതിനുവേണ്ടി ആത്മാർപ്പണം നടത്തുകയും ചെയ്യുക എന്നത് ഒരാളുടെ പ്രഥമ ബാധ്യതയും മറ്റുള്ളവ രണ്ടാം ബാധ്യതയുമായി പരിഗണിക്കുന്നവർക്ക് മാത്രമെ തങ്ങളുടെ കടമ യഥാവിധി നിർവ്വഹിക്കാൻ കഴിയുകയുള്ളു.

## 23

# ദഅവാ പ്രവർത്തനം ഇന്ത്യയിൽ

പ്രവാചകന്റെ(സ) ഹദീസിൽ ഒരു ഉദ്ദേശ്യത്തെക്കുറിച്ചുള്ള ഒരു പ്രവചനം കാണാം:

പിൽക്കാലത്ത് ഇന്ത്യയിൽ ഏതാനും ചില വിഭാഗം (ഇസ്വാബ) രൂപപ്പെടും. അവർ സത്യ സന്ദേശം ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക് പ്രത്യേകിച്ച് ഇന്ത്യയിലെ ജനങ്ങളിലേക്ക് എത്തിക്കും. സ്വർഗ്ഗത്തിലേക്കുള്ള പാത അവർ ജനങ്ങൾക്ക് കാട്ടിക്കൊടുക്കും.

ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഇസ്വാബ നരക ശിക്ഷയിൽ നിന്ന് ഒഴിവാക്കുമെന്ന് ഉദ്ധരിച്ച ഹദീസ് നമ്മെ അറിയിക്കുന്നു. തീർച്ചയായും സ്വർഗ്ഗ കവാടങ്ങൾ അവർക്കായി തുറക്കപ്പെടും. അവിടം അവരുടെ സ്ഥിരവാസ കേന്ദ്രമായിരിക്കും. പൂർണ്ണ ബോധ്യത്തോടെ നമ്മളും ആ ദൗത്യം ഏറ്റെടുക്കണം. പ്രവാചകന്റെ അനുയായികളിൽ പെട്ട ഓരോ അംഗവും – അവനോ അവളോ – സ്വയം ആ വിഭാഗത്തിന്റെ അവിഭാജ്യ ഘടകമായി മാറണം. ആ ഉത്തരവാദിത്വം നിറവേറ്റുകയാണെങ്കിൽ അവർക്കുള്ള പ്രതിഫലം മുൻക്കൂട്ടിത്തന്നെ സന്തോഷ വാർത്തയായി അറിയിക്കപ്പെടുന്നുണ്ട്.

ജനങ്ങളെ ബഹുദൈവാരാധനയിൽ നിന്ന് സ്വതന്ത്രരാക്കി ഏകദൈവ (തൗഹീദ്) ആരാധകരാക്കുക എന്നതായിരുന്നു സത്യത്തിൽ പ്രവാചകന്റെ(സ) ദൗത്യം. ലോകത്തിന്റെ വലിയൊരു ഭാഗത്ത് അദ്ദേഹം ആ കർത്തവ്യം നിർവ്വഹിച്ചു. എന്നാൽ ഇന്ത്യയിൽ ദഅവാ പ്രവർത്തനം ശരിയായ രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു അപവാദമായി അവശേഷിക്കുന്നു.

ഇന്ത്യയിൽ പ്രവാചക ദൗത്യം പൂർത്തീകരിക്കാൻ ദഅവാ പ്രവർത്തകർക്കുള്ള സമയം പാകമായിരിക്കുകയാണ്, പ്രത്യേകിച്ച് ഇംഗ്ലീഷ്, ഹിന്ദീ ഖുർആൻ പരിഭാഷകളുടെ സഹായത്തോടു കൂടെ.

എല്ലാ മനുഷ്യരിലും ദിവ്യ സന്ദേശം എത്തുന്ന ഒരു കാലം വരും. മാനവരാശി പണ്ടുപണ്ടേ കാത്തിരിക്കുന്ന ഒരു കാലം. ദഅവയെക്കാൾ (ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക) വലിയ ഒരു പ്രവർത്തിയില്ല. ദഅവാ പ്രവർത്തനത്തിലൂടെ അല്ലാതെ ദിവ്യ സഹായം ഉറപ്പാക്കാൻ വേറെ ഒരു മാർഗ്ഗവുമില്ല. അത് ദൈവത്തിന്റെ ശാശ്വത നിയമമാണ്. ദിവ്യ വാഗ്ദാനം പൂർണ്ണമായും നിറവേറുന്ന അവസരം വളരെ അകലെയല്ല.

# 24

# സാഹിത്യത്തിലൂടെയും ആശയ വിനിമയ മാർഗ്ഗത്തിലൂടെയുമുള്ള ദഅവാ പ്രവർത്തനം

**ഈ** ഭൂമുഖത്ത് നടന്നുകൊണ്ടിരിക്കുന്ന ഏതൊരു പ്രവർത്തനത്തെക്കാളും പ്രാധാന്യം അർഹിക്കുന്നതാണ് ദഅവാ ദൗത്യം. പ്രവാചകന്മാരുടെ ദൗത്യമായിരുന്നു ദഅവാ. ദഅവ കൃത്യമായി ചെയ്യാവുന്ന പ്രവർത്തിയല്ല. ഒരു സ്വാഭാവിക പ്രവർത്തനമാണത്. ദൈനംദിന ജോലിയോടൊപ്പം നമുക്കും അത് ചെയ്യാവുന്നതാണ്.

വ്യക്തിപരമായ കൂടിക്കാഴ്ചയിലൂടെയോ വിവിധ ആവശ്യങ്ങൾക്കായി ചേരുന്ന ഒരുമിച്ചുകൂടലിലൂടെയോ ആയിരുന്നു പണ്ടുകാലങ്ങളിൽ ദഅവാ ദൗത്യം നിർവ്വഹിച്ചിരുന്നത്. അച്ചടി വിദ്യ നിലവിൽ ഇല്ലാത്ത കാലമായിരുന്നു അത്. അത്യാവശ്യത്തിന് മാത്രമെ അക്കാലങ്ങളിൽ കടലാസ് ലഭിച്ചിരുന്നുള്ളു. ഇലകളും മൃഗത്തോലുകളും കടലാസിനുപകരം ഉപയോഗിച്ചുപോന്നു. അക്കാലത്ത് ഖുർആന്റെ ഒറ്റ പ്രതി എഴുതിത്തീർക്കാൻ കയ്യെഴുത്തുകാരന് ഒരു മാസമെങ്കിലും വേണ്ടിയിരുന്നു. ഇപ്പോൾ സ്ഥിതി ആകെ മാറി. ആധുനിക സാങ്കേതിക വിദ്യ അത്ഭുതകരമായ മാറ്റങ്ങളാണ് സർവ്വ മേഖലകളിലും വരുത്തിയിട്ടുള്ളത്. ഇന്ന് മിനുസമുള്ള മേത്തരം കടലാസുകളും നിമിഷം കൊണ്ട് അച്ചടിക്കാവുന്ന മെഷീനുകളും സുലഭമായി കിട്ടാനുണ്ട്. അച്ചടി വിദ്യയുടെ കണ്ടുപിടുത്തം ദഅവാ ദൗത്യം എളുപ്പമാക്കി. നമുക്ക് ആവശ്യമുള്ളത്ര ഖുർആൻ പ്രതികളും ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളും തയ്യാറാക്കാൻ ഇക്കാലത്ത് എളുപ്പം കഴിയും.

ദഅവയുമായി ബന്ധപ്പെട്ട ചെറു പുസ്തകങ്ങളും ലഘുലേഖകളും അച്ചടിച്ച് ദിവ്യ സന്ദേശത്തെക്കുറിച്ച് അറിയാത്തവർക്കിടയിൽ എളുപ്പം വിതരണം ചെയ്യാം. അച്ചടിച്ച ദഅവാ സാഹിത്യവും ദഅവാ പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്താം. ഓരോ പുരുഷനും സ്ത്രീക്കും ആ അവസരം ഉപയോഗപ്പെടുത്താവുന്നതാണ്. അമുസ്‌ലീങ്ങളിൽ ദിവ്യ സന്ദേശം എത്തിക്കാൻ ആവശ്യമായ ഇസ്‌ലാമിക സാഹിത്യം വിതരണം ചെയ്തുകൊണ്ടും ദഅവാ കർത്തവ്യം നിർവ്വഹിക്കാം.

ഇടക്കിടെയുള്ള ഇടപെടലുകളും മത സ്വാതന്ത്ര്യവും ദഅവാ പ്രവർത്തനത്തിന് സഹായകമായിട്ടുണ്ട്. ആശയ വിനിമയ ഉപാധികൾ ഏറ്റവും ഉയർന്ന നിലയിൽ ഇന്ന് ലഭ്യമാണ്. ആധുനിക വാർത്താ വിനിമയ മാർഗ്ഗവും ദഅവാ ദൗത്യത്തിന് ഉപയോഗിക്കാം. അവയെല്ലാം തന്നെ ഇക്കാലത്തെ ദഅവാ പ്രവർത്തനത്തിന് അനുകൂലമായിരിക്കുന്നു.

## 25

# ഖുർആൻ ഒരു ദഅ്‌വാ ഗ്രന്ഥം

ജനങ്ങളെ ഒരേയൊരു ദൈവത്തിലേക്ക് ക്ഷണിക്കുന്ന ഒരു ദഅ്‌വാ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ദൈവത്തിന്റെ സൃഷ്ടി സംവിധാനത്തെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുക എന്ന താണ് ഖുർആന്റെ ലക്ഷ്യം. അതായത്, എന്തിനാണ് ദൈവം ഈ ലോകം സൃഷ്ടിച്ചതെന്ന് മനുഷ്യനോട് പറയാൻ. മനുഷ്യനെ ഈ ഭൂമിയിൽ അധിവസിപ്പിച്ചതിന്റെ ലക്ഷ്യമെന്ത്? മരണത്തിന് മുമ്പുള്ള ജീവിത കാലയളവിൽ മനുഷ്യനിൽ നിന്ന് എന്ത് ആവശ്യമാണ് ലഭിക്കാനുള്ളത്? മരണശേഷം അവൻ എന്താണ് നേരിടാൻ പോകുന്നത്? അത്തരം യാഥാർഥ്യങ്ങൾ മനുഷ്യന് മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഖുർആന്റെ ലക്ഷ്യം. ജീവിതത്തിൽ നിന്ന് പരലോകത്തേക്കുള്ള അവന്റെ മുഴുനീള യാത്രയിൽ അവനെ നയിക്കാൻ അത് ഉതകും.

അക്കാര്യം ഖുർആൻ പല സ്ഥലങ്ങളിലായി വിവരിച്ചിട്ടുണ്ട്. ഖുർആൻ ഒരു പ്രത്യേക ഗോത്രത്തെയോ സമുദായത്തെയോ രാജ്യത്തെയോ ജനങ്ങളെയോ അല്ല മുഴുവൻ മനുഷ്യ രാശിയെയുമാണ് അഭിസംബോധന ചെയ്യുന്നത്. അതിനുപയോഗിച്ച പദമാകട്ടെ, ഇൻസാൻ അഥവാ മനുഷ്യ വർഗ്ഗം എന്നാണ്. ഈ വിശാലമായ പ്രപഞ്ചത്തെയും അതിന്റെ സ്രഷ്ടാവിനെയും പരിഗണിക്കുന്നതിനായി ഖുർആൻ ക്ഷണിക്കുന്നു. ചില ഉദ്ദേശ്യ ലക്ഷ്യങ്ങളില്ലാതെയല്ല മനുഷ്യനെ സൃഷ്ടിച്ചതെന്ന് ദൈവം വാദിക്കുകയും ചെയ്യുന്നു. ഒരാളോടും ഒന്നിനോടും പങ്കുചേർക്കാതെ ദൈവത്തെ മാത്രം ആരാധിക്കുക എന്ന വലിയൊരു ലക്ഷ്യം വെച്ചുകൊണ്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

ഖുർആൻ പ്രത്യക്ഷമായത് അറബി ഭാഷയിലാണ്. യഥാർത്ഥത്തിൽ അത് അതിന്റെ നൈസർഗ്ഗിക ഭാഷയിലാണ് അവതീർണ്ണമായത്. അതായത്, സൃഷ്ടിപ്പിന്റെ സമയത്ത് ദൈവം മനുഷ്യരെ അഭിസംബോധന ചെയ്ത അതേ ഭാഷ. ആ ദിവ്യ സംബോധന എല്ലാ മനുഷ്യരുടെയും ബോധ മനസ്സിൽ എല്ലായ്പോഴുമുണ്ട്. അതുകൊണ്ടാണ് ഖുർആൻ സാർവ്വത്രിക മായി മനസ്സിലാക്കാനാവുന്നത്. ചിലർക്ക് ബോധ തലത്തിലാണെ ങ്കിൽ മറ്റുചിലർക്ക് അത് ഉപബോധ തലത്തിലായിരിക്കും. ഖുർ ആൻ അക്കാര്യം വിവരിക്കുന്നത് ഇങ്ങനെയാണ്:

*എന്നാൽ ജ്ഞാനം നല്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ അത് സുവ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.* (29:49)

അതിനർത്ഥം, ബോധ തലത്തിൽ ഖുർആൻ വിവരിച്ച ദൈവിക യാഥാർഥ്യം മനുഷ്യന്റെ ഉപബോധ തലത്തിൽ മുമ്പേ നിലവിലുണ്ട് എന്നാണ്. അതുകൊണ്ട് ഖുർആനിക സന്ദേശം മനുഷ്യന് അന്യമല്ല. സത്യത്തിൽ ഖുർആൻ ദിവ്യ യാഥാർഥ്യ ത്തിന്റെ വാക്കാലുള്ള പദപ്രയോഗവും മനുഷ്യ സ്വഭാവവുമായി യോജിച്ചുപോകുന്നതും മുമ്പേതന്നെ പരിചയിച്ചതുമാണ്. പിൽക്കാലത്ത് ജനിച്ചവരെല്ലാം ആദമിന്റെ സൃഷ്ടീ മുഹൂർത്ത ത്തിൽത്തന്നെ ജനിച്ചിരുന്നുവെന്ന് ഖുർആൻ വിവരിക്കുന്നുണ്ട്. എല്ലാ മനുഷ്യാത്മാക്കളോടും ആ സമയത്തുതന്നെ ദൈവം നേരിട്ട് അഭിസംബോധന ചെയ്തിട്ടുണ്ട്. ഖുർആൻ ആ സംഭവം വിവരിക്കുന്നു:

*നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന് അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്തുകൊണ്ടു വരികയും അവരുടെ കാര്യത്തിൽ അവരെത്തന്നെ അവൻ സാക്ഷിനിർത്തുകയും ചെയ്ത സന്ദർഭവും (ഓർക്കുക). (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ച യായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നുവെന്ന് ഉയിർത്തെഴുന്നേല്പിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതി നാലാണ് (അങ്ങനെ ചെയ്തത്). (7:172)*

ചുരുക്കത്തിൽ, ഖുർആൻ മനുഷ്യനുവേണ്ടിയാണ്; അവന് ആദ്യമെ അറിയുന്ന സാരാംശമാണത്. യഥാർത്ഥത്തിൽ ഖുർ

ആൻ മനുഷ്യ മനസ്സിന്റെ ചുരുളഴിക്കലാണ്.

ഖുർആൻ സൂക്ഷിച്ചുവെക്കപ്പെട്ട ദിവ്യ മാർഗ്ഗ നിർദ്ദേശങ്ങളാണ്. മനുഷ്യ സ്വഭാവത്തെ അത് അഭിസംബോധന ചെയ്യുന്നു. അത് മനുഷ്യന്റെ എല്ലാ അന്വേഷണങ്ങളുടെയും ഉത്തരമാകുന്നു. മനുഷ്യനോട് തന്റെ ഇഹപര ലോക - ഇപ്പോഴത്തെയും ഇനി വരാൻ പോകുന്നതും - ജീവിത വിജയത്തിന്റെ രഹസ്യങ്ങൾ പറയുന്നു. അതൊരു പ്രത്യയ ശാസ്ത്ര ഗ്രന്ഥം മാത്രമല്ല അതിൽ ചരിത്രത്തിൽ നിന്നുള്ള ആഖ്യാനങ്ങളുമുണ്ട്. അത് അതിന്റെ അജയ്യ ശക്തിയെ സാക്ഷ്യപ്പെടുത്തുന്നു.

പ്രൊഫ. ഫിലിപ്പ് ഹിറ്റി തന്റെ 'ദി ഹിസ്ടറി ഓഫ് അറബ്സ്' എന്ന ഗ്രന്ഥത്തിൽ പറയുന്നു:

എവിടെ മുസ്‌ലീങ്ങളുടെ കൈകൾ പരാജയപ്പെട്ടിരുന്നുവോ അവിടെ അവരുടെ മതം കീഴടക്കിയിരിക്കുന്നു.

അതുകൊണ്ട് ആരെങ്കിലും ദഅവാ പ്രവർത്തനം ആഗ്രഹിച്ച് മുന്നോട്ടുവരികയാണെങ്കിൽ അവന് മറ്റൊന്നിന്റെയും ആവശ്യമില്ല. പ്രബോധനത്തിനാവശ്യമായതെല്ലാം പൂർത്തീകരിക്കാൻ ഖുർആൻ മതി.

# 26

# ദഅവയും പ്രാർത്ഥനയും

ദഅവയോട് നിസ്സംഗത പുലർത്തുന്ന ഒരാളിലേക്ക് ദിവ്യ സന്ദേശം എത്തിക്കേണ്ട സാഹചര്യം ചിലപ്പോൾ ഉണ്ടായേക്കാം. അത്തരം സന്ദർഭങ്ങളിൽ നാം എന്താണ് ചെയ്യുക?

അത്തരം സന്ദർഭങ്ങളിൽ നാം സ്വീകരിക്കേണ്ടത്, എവിടെ യാണോ നല്ല പ്രതികരണമുള്ളത് അവിടെ ദഅവാ പ്രവർത്തനം നടത്തുക. എവിടെയാണോ പ്രതികരണം അനുകൂലമല്ലാത്തത് അവിടെ പ്രാർത്ഥന എന്ന തത്വം അവലംബിക്കുക. അയാളെ നേരായ ദിശയിലേക്ക് നയിക്കാൻ ദൈവത്തോട് പ്രാർത്ഥിക്കു കയും ചെയ്യുക.

ജീവിതത്തിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരു മ്പോൾ മാത്രം ദൈവത്തോട് പ്രാർത്ഥിക്കുക എന്നതാണ് ജനങ്ങ ളുടെ ഇന്നത്തെ രീതി. ദഅവാ പ്രവർത്തനത്തിൽ പ്രാർത്ഥന യുടെ പ്രാധാന്യത്തെക്കുറിച്ച് നമ്മൾ പൊതുവെ അജ്ഞരാണ്. ലോകത്തിലെ മറ്റ് കാര്യങ്ങളുമായി പ്രാർത്ഥനക്കുള്ള അതേ ബന്ധം ദഅവയും പ്രാർത്ഥനയും തമ്മിലും ഉണ്ട്. സത്യമിതാണ്, ദഅവയുടെ ഒഴിച്ചുകൂടാൻ പറ്റാത്ത ഭാഗമാണ് പ്രാർത്ഥന. പ്രാർത്ഥന ഇല്ലെങ്കിൽ ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്ന ചുമതല ഫലപ്രദമായി നിർവ്വഹിക്കാൻ ആവില്ല.

പ്രാർത്ഥന മദഉവിനോട് മാത്രമല്ല, ദാഇയോടും ബന്ധപ്പെട്ട താണ്. ദാഇ തന്റെ സ്വന്തത്തിന് പ്രാർത്ഥിക്കണം. തന്റെ ദഅവാ പ്രവർത്തനം മദഉവിന് ഉപകാരപ്രദമാകണമെന്ന് സ്ഥിര മായി പ്രാർത്ഥിക്കണം. ദഅവാ പ്രവർത്തനത്തിന് അനുയോജ്യ മായ സ്ഥിതി ഉണ്ടാകണമെന്നും അത് ഫലപ്രദമായി നടത്താൻ

കഴിയണമെന്നും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം.

മദ്ഊവിന്റെ കാര്യത്തിലും അത് ബാധകമാണ്. ദാഇ മദ ഊവിന്റെ യഥാർത്ഥ ഗുണകാംക്ഷിയാണ്. ആ ഗുണകാംക്ഷയുടെ വികാരം മദ്ഊവിന് വേണ്ടി പ്രാർത്ഥിക്കാൻ ദാഇയെ നിർബ്ബന്ധിക്കു ന്നു. ഒരാൾ ദഅ്വ സ്വീകരിക്കുന്നത് ദൈവ സമ്മതത്തോടുകൂടെ യാണ്. ദാഇ മദ്ഊവിന്റെ മാർഗ്ഗ ദർശ്ശനത്തിനുവേണ്ടി ദൈവ ത്തോട് സ്ഥിരമായി പ്രാർത്ഥിക്കേണ്ടതാണ്. പ്രവാചകൻ പകൽ സമയങ്ങളിൽ ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുകയും രാത്രി കാലങ്ങളിൽ അവരുടെ മാർഗ്ഗ ദർശ്ശനത്തിനുവേണ്ടി പ്രാർത്ഥിക്കു കയും ചെയ്തിരുന്നു.

## 27

# ദഅവക്ക് വേണ്ടിയുള്ള കുടിയേറ്റം

**ആ**ധുനിക ലോകം ശാസ്ത്ര സാങ്കേതിക വിദ്യയിൽ കാര്യമായ പുരോഗതി കൈവരിച്ചപ്പോൾ മുസ്ലീങ്ങൾ വികസിത രാജ്യങ്ങളിലേക്ക് കുടിയേറി. അങ്ങനെ കുടിയേറിയ മുസ്ലീങ്ങളുടെ എണ്ണം പത്തുകോടിയോളം വരും. ആധുനിക കാലത്ത്, ഡയസ്പോറ മുസ്ലീങ്ങൾ എന്ന നാമധേയത്തിലാണ് അവർ അറിയപ്പെടുന്നത്.

മുസ്ലീം രാജ്യങ്ങളിൽ അത്തരത്തിലുള്ള വിശാലമായ ഡയസ്പോറ രണ്ടുതവണകളിലുണ്ടായി. ഏഴാം നൂറ്റാണ്ടിലും പിന്നെ ഇരുപതാം നൂറ്റാണ്ടിലും. അവസാനത്തെ തീർത്ഥയാത്രാ വേളയിൽ പ്രവാചകൻ അനുചരന്മാരോട് പറഞ്ഞു:

“മുഴുവൻ ലോകത്തിനും വേണ്ടിയാണ് ദൈവം എന്നെ അയച്ചത്. ഇവിടെ സന്നിഹിതരായവർ സന്നിഹിതരല്ലാത്തവർക്ക് ഈ സന്ദേശം എത്തിച്ചുകൊടുക്കണം.”

പ്രവാചകന്റെ ആ ആജ്ഞ അനുസരിച്ച് ധാരാളം അനുചരന്മാർ തങ്ങളുടെ കിടപ്പാടങ്ങൾ ഉപേക്ഷിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് യാത്രയായി. അനുയോജ്യമായ രാജ്യങ്ങളിൽ ദൈവത്തിന്റെ സന്ദേശം എത്തിക്കുക എന്ന കർത്തവ്യം നിറവേറ്റി.

പ്രവാചകൻ പറഞ്ഞു:

“ആരെങ്കിലും ദൈവത്തിനും അവന്റെ ദൂതനും വേണ്ടി പലായനം ചെയ്താൽ ആ പലായനം ദൈവത്തിനും അവന്റെ ദൂതനുമാണെന്ന് കണക്കാക്കും. ഇനി ആരെങ്കിലും ഐഹിക സുഖം ആഗ്രഹിച്ചോ സ്ത്രീയെ വിവാഹം കഴിക്കാമെന്ന് വിചാ

രിച്ചോ ആണ് പലായനം ചെയ്തതെങ്കിൽ അത് അവന്റെ സ്വന്തം കാര്യത്തിനുവേണ്ടിയുള്ള പലായനം മാത്രമായി കണക്കാക്കും.”

നബിയുടെ അനുചരന്മാരുടെ പലായനം ദഅ്‌വക്ക് വേണ്ടി ആയിരുന്നുവെന്ന് ഉദ്ധരിച്ച ഹദീസ് വ്യക്തമാക്കുന്നു. അതു കൊണ്ട് ദഅ്‌വയുടെ പ്രതിഫലം അവർക്ക് ലഭിക്കും. എന്നാൽ ഇക്കാലത്ത് മുസ്‌ലീങ്ങൾ നടത്തുന്ന കുടിയേറ്റം ഐഹിക അനുഭൂതിക്കുവേണ്ടിയുള്ളത് ആകയാൽ അവർക്ക് ഐഹിക അനുഗ്രഹങ്ങളേ ലഭിക്കൂ. പരലോകത്ത് അവർക്ക് ദൈവാനുഗ്രഹത്തിന്റെ ഒരംശം പോലും ലഭിക്കാനിടയില്ല.

മുസ്‌ലീങ്ങൾ കുടിയേറിയ സ്ഥലങ്ങളിൽ ദഅ്‌വാ പ്രവർത്തനം ഫലപ്രദമായി നടക്കണമെങ്കിൽ മത പ്രബോധന വിചാരം ദാഇമാരുടെ മനസ്സിൽ ഉദിക്കണം. അവരുടെ പഴയ സോപാധിക മനോഭാവം മാറ്റണം. യൂറോപ്യരെ തങ്ങളുടെ മദഉ ജനതയായി കണക്കാക്കണം. അവർക്കുനേരെയുള്ള ശത്രുതാ മനോഭാവം വെടിയണം. ജീവിതത്തോട് അനുകൂല നിലപാട് സ്വീകരിക്കണം. എതിരാളി എന്നതിലുപരി ഒരു യഥാർത്ഥ ഉപദേശകനും ഗുണകാംക്ഷിയുമാകണം (നസീഹും അമീനും). കിഴക്കൻ കളി പടിഞ്ഞാറൻ കളിക്കളത്തിൽ കളിക്കുന്ന രീതി അവസാനിപ്പിക്കണം. സമൂഹത്തിനുവേണ്ടി ജീവിതം സമർപ്പിക്കുകയും സമൂഹത്തിൽ നിന്ന് എന്തെങ്കിലും തട്ടിയെടുക്കാൻ ആഗ്രഹിക്കാതിരിക്കുകയും വേണം. അവർ അവിടെ ദാഇയും മത പ്രബോധകരുമായി ജീവിക്കണം. സമ്പാദിക്കുന്ന മൃഗം മാത്രമായി തരം താഴരുത്. അപ്രകാരം കുടിയേറ്റത്തെ ഇസ്‌ലാമീകരിച്ചാൽ പ്രവാചകന്റെ അനുയായികളുടെ കാലത്ത് ലഭിച്ച മുഴുവൻ പ്രതിഫലവും അവർക്കും ലഭിക്കും.

## 28

# ഒരു പുതിയ ദഅവാ സാധ്യത

ചരിത്രപരമായി ഇസ്ലാം സ്ഥാപിതമായത് എ ഡി 610 ആണ്ടിലാണ്. സാധാരണ നിലയിൽ ആരംഭിച്ച ഒരു മതം മാത്ര മായിരുന്നില്ല ഇസ്ലാം. യഥാർത്ഥത്തിൽ അതൊരു പ്രത്യയ ശാസ്ത്ര പരിഷ്കരണമായിരുന്നു. വിവിധ കാരണങ്ങളാൽ വിശുദ്ധ ഖുർആനിലെ പല യാഥാർഥ്യങ്ങളും ഇരുപതാം നൂറ്റാണ്ടുവരെ വെളിച്ചം കണ്ടിരുന്നില്ല. ഇസ്ലാമിക പ്രസ്ഥാനത്തിന്റെ ആദ്യ കാലഘട്ടം നൂതന പരിണാമ പദ്ധതികൾക്കുള്ള വാതിലുകൾ തുറന്നുകൊടുക്കുകയും ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിൽ അത് ഉച്ചാവസ്ഥയിലെത്തുകയും ചെയ്തു. ഇസ്ലാമിന്റെ പ്രത്യയ ശാസ്ത്ര പരിഷ്കരണം ഇന്ന് യാഥാർഥ്യമായിരിക്കുകയാണ്.

പണ്ടുകാലത്ത് ജനങ്ങൾക്ക് ചിന്തിക്കുവാൻ അന്ധവിശ്വാസ ത്തിന്റെ ഒരു ചട്ടക്കൂട് മാത്രമെ ഉണ്ടായിരുന്നുള്ളു. കൃത്രിമമായ ആശയത്തെ സ്വീകരിക്കുവാൻ അതായിരുന്നു കാരണം. കൃത്രിമ മായ ആശയ സംഹിതകളാൽ രൂപംകൊണ്ട മനുഷ്യന്റെ മാന സിക ചട്ടക്കൂടിന് ഇസ്ലാമിന്റെ പ്രത്യയ ശാസ്ത്ര പരിഷ്കര ണത്തെ ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ശാസ്ത്രത്തിന്റെ ആധുനിക കണ്ടുപിടുത്തങ്ങൾക്ക് മുമ്പുള്ള കാലമത്രയും അതേ അവസ്ഥ തുടർന്നു. വർത്തമാന കാലത്ത് പ്രകൃതിയുടെ നിഗൂഢ രഹസ്യ ങ്ങൾ കണ്ടുപിടിച്ചപ്പോൾ പുതിയൊരു ചട്ടക്കൂട് ആദ്യമായി നില വിൽ വരികയും അതിനെ ശാസ്ത്രീയ ചട്ടക്കൂടെന്ന് വിളിക്കു കയും ചെയ്തു. ആ ചട്ടക്കൂട് ഇസ്ലാം മുന്നോട്ടുവെച്ച പ്രത്യയ ശാസ്ത്രം മനുഷ്യന് പൂർണ്ണമായി ഉൾത്തൊള്ളാൻ സാധ്യത ഒരുക്കി.

ആ സംഭവം ഉപയോഗപ്രദമായ മാറ്റത്തിന്റെ അമിത

പ്രാധാന്യം ഉൾക്കൊള്ളുന്നു. പ്രകൃത്യാധിഷ്ഠിതമായ ഒരു ശാസ്ത്രീയ മതമാണ് ഇസ്‌ലാം. പുരാതന കാലത്ത് മനുഷ്യ ചിന്തകൾ പ്രകൃതിയുടെ മുഖ്യധാരയിൽ നിന്ന് വ്യതിചലിച്ചുപോയതിനാൽ മനുഷ്യൻ അസ്വാഭാവികമായ അന്ധവിശ്വാസങ്ങളുടെ ഇരയായിരുന്നു. ഇസ്‌ലാമിക സന്ദേശം ജനങ്ങൾക്ക് മനസ്സിലാകാതെ പോയതിനുള്ള ഒരു കാരണം അതായിരുന്നു. ബൗദ്ധികമായ അത്തരം ബുദ്ധിമുട്ടുകൾ ഇപ്പോൾ പരിഹരിക്കപ്പെട്ടിരിക്കുന്നു. ആധുനിക ശാസ്ത്രം ചെയ്തതെല്ലാം അതിന്റെതന്നെ പ്രത്യയ ശാസ്ത്രത്തിൻ കീഴിലായിരുന്നു. ഇസ്‌ലാമിന് അത് വലിയ സഹായകമായി വർത്തിച്ചു. ഇപ്പോൾ ഇസ്‌ലാമിന്റെ സന്ദേശം പ്രകൃതിയുടെ ഭാഷയിലവതരിപ്പിക്കാം. അത് മനുഷ്യന് എളുപ്പത്തിൽ മനസ്സിലാവുകയും ചെയ്യും.

## 29

# സത്യം മറച്ചുവെക്കൽ

**ദൈ**വം ജൂതന്മാരിൽ നിന്ന് ഒരു കരാർ വാങ്ങിയതായി ഖുർആനിൽ വിവരിച്ചിട്ടുണ്ട്. ദിവ്യ സന്ദേശം എല്ലാവരിലും എത്തിക്കണമെന്നും അത് മറച്ചുവെക്കരുതെന്നുമുള്ള കല്പന ആ കരാറിലുണ്ട്. (3:187)

ഇവിടെ, ജൂതന്മാർക്ക് നല്കിയ കല്പനകൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അവർ സ്വയം സംസ്കരിക്കാൻ വേണ്ടി നല്കിയ കല്പനകളല്ല. മറിച്ച്, അവർക്ക് തങ്ങളുടെ ദൂതന്മാർ മുഖേന ലഭിച്ച സന്ദേശം ജൂതന്മാരല്ലാത്തവരിലേക്ക് എത്തിക്കുക എന്നതാണ്. ശഹാദ അലന്നാസ് (ജനങ്ങൾക്ക് സാക്ഷിയാവുക) എന്ന് ഖുർആനിൽ പ്രവാചകന്റെ അനുയായികളെ ഉദ്ദേശിച്ചുപറഞ്ഞ കല്പന തന്നെയാണത്. ആ ഉത്തരവാദിത്വം നിമിത്തമാണ് ജൂതന്മാർക്ക് 'തിരഞ്ഞെടുത്ത ജനം' എന്ന പ്രത്യേക പദവി അനുവദിച്ചത്.

ആ തിരഞ്ഞെടുപ്പിന്റെ കരാർ ബൈബിളിലും പ്രതിപാദിച്ചിരിക്കുന്നു: "നിങ്ങളെന്റെ സാക്ഷിയാകുന്നു." (ഇസയ്യ: 43:10)

ആ യാഥാർഥ്യം ജൂതന്മാരുടെ സർവ്വ വിജ്ഞാന കോശത്തിലും പ്രതിപാദിച്ചിട്ടുണ്ട്:

"ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ച് പ്രഖ്യാപിക്കാനുള്ള ചുമതല ഇസ്രായീല്യരുടെ മേൽ പ്രത്യേകം പിന്തുടർച്ചാവകാശമാക്കി."

ജനങ്ങൾക്കെതിരെ സാക്ഷിയാവുക എന്ന ഉത്തരവാദിത്വം ഇപ്പോൾ അന്ത്യപ്രവാചകന്റെ അനുയായികൾക്ക് നല്കപ്പെട്ടിരിക്കുന്നു. മുകളിൽ ഉദ്ധരിച്ച ഖുർആൻ വാക്യത്തിലെ, മറച്ചുവെക്കൽ

എന്നത് ജൂതന്മാരിൽ നിന്ന് മറച്ചുവെക്കുക എന്നതല്ല, പകരം ജൂതന്മാരല്ലാത്തവരിൽ നിന്ന് മറച്ചുവെക്കുക എന്നതാകുന്നു. പ്രവാചകൻ മുഹമ്മദിന്റെ(സ) അനുയായികൾക്കും അത് ബാധകമാണ്. പ്രവാചകന്റെ അനുയായികൾ ഖുർആൻ വായിച്ച് അത് മറ്റുള്ള മുസ്‌ലീങ്ങളെ പഠിപ്പിക്കുകയും അമുസ്‌ലീങ്ങളിലേക്ക് അതിന്റെ സന്ദേശം എത്തിക്കാതിരിക്കുകയും ചെയ്താൽ അത് അവരുടെ സത്യത്തെ മൂടിവെക്കലായി കണക്കാക്കും. ദൈവ ദൃഷ്ടിയിൽ ജൂതന്മാരുടെ പദവി നഷ്ടപ്പെട്ടതുപോലെ അത്തരത്തിലുള്ള മൂടിവെക്കൽ മുസ്‌ലീങ്ങളുടെ യഥാർത്ഥ പദവി നഷ്ടപ്പെടുന്നതുപോലെയായിരിക്കും.

## 30

# ദഅവ ഒറ്റനോട്ടത്തിൽ

ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുക എന്നാൽ സ്വാർത്ഥ ജീവിതം വരുത്തിവെക്കുന്ന വിനകളെക്കുറിച്ച് ജനങ്ങൾക്ക് താക്കീത് നല്കലും വിശ്വാസാധിഷ്ഠിതമായ ജീവിതത്തിലേക്ക് ക്ഷണിക്കലുമാണ്. ഏറ്റവും ആധികാരികവും വിശ്വാസയോഗ്യവുമായ രണ്ടുതരം ജീവിതത്തെക്കുറിച്ചുള്ള ദൈവിക അധ്യാപനങ്ങൾ ഉൾക്കൊള്ളുന്ന അറിവിന്റെ സ്രോതസ്സായി ഖുർആനിനെ നമുക്കുവേണ്ടി സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളെ ദൈവത്തിലേക്ക് വിളിക്കൽ തികച്ചും വ്യത്യസ്തമായ ജീവിത ശൈലി പിന്തുടരാൻ ക്ഷണിക്കലാണ്. ദേശീയമോ സാമൂഹികമോ സാംസ്കാരികമോ ആയ വിഷയങ്ങളുമായി അതിന് ബന്ധമില്ല. ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള ഒരു പ്രചാരണമാണത്. ദൈവികവും മതപരവുമായ ശൈലിയിൽ അത് തുടങ്ങുകയും അതേ രീതിയിൽ അവസാനം വരെ തുടരുകയും ചെയ്യുന്നു.

### 1. എന്താണ് ദഅവാ പ്രവർത്തനം?

ദൈവത്തിലേക്കുള്ള ക്ഷണം എന്നാണ് ദഅവാ പ്രവർത്തനത്തിന് ഖുർആൻ ഉപയോഗിച്ച സാങ്കേതിക പദം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ജനങ്ങളെ സ്രഷ്ടാവിലേക്കും പരിപാലകനിലേക്കും അടുപ്പിക്കലാണ് ദഅവാ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഭൂമിയിലെ യുക്തമായ ഒരേയൊരു ജീവിത രീതിയിലൂടെ ഉത്തമമായ ഒരു ദൈവ വിശ്വാസിയാകുക എന്ന് പറയലാണ് ദൈവത്തിലേക്കുള്ള വിളികൊണ്ട് അർത്ഥമാക്കുന്നത്. ജന

ങ്ങളാൽ ചെയ്യപ്പെടുന്ന ദിവ്യ കർത്തവ്യമാണത്. ആത്മീയ മാർഗ്ഗത്തിൽ നിർവ്വഹിക്കപ്പെടുന്നു എന്നതാണ് അതിന്റെ മഹാത്മ്യം. ആത്മീയ മാർഗ്ഗം വെടിഞ്ഞുള്ള ഏതൊരു പ്രവർത്തനവും, അത് ദൈവത്തിന്റെ മാർഗ്ഗത്തിൽ ആയാൽപ്പോലും ദൈവത്തിലേക്കുള്ള യഥാർത്ഥ ക്ഷണമാവില്ല.

## 2. ദഅവാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം

ആലസ്യത്തിൽ ആണ്ടുപോയ മനുഷ്യത്മാക്കളെ ഉണർത്തി ദൈവ സന്നിധിയിലേക്ക് വിളിക്കലാണ് ദഅവാ പ്രവർത്തനത്തിന്റെ ഉദ്ദേശ്യം. നഷ്ടാത്മാക്കളെ ദൈവത്തിന്റെ ശരിയായ പാതയിലേക്ക് നയിക്കലാണത്. ദിവ്യ പ്രകാശം ലഭിക്കുന്ന നഷ്ടാത്മാക്കൾ വിശാലമായ ഈ പ്രപഞ്ചത്തിലെ ഈശ്വര ദൃഷ്ടാന്തങ്ങൾ തിരിച്ചറിയുന്നു.

ഈ ലോകത്ത് ജീവിച്ചിരിക്കുമ്പോൾത്തന്നെ അവൻ പരലോകവാസിയായി മാറുന്നു. മഹത്വമാർന്ന ഈ ലോകത്ത് അതിനെക്കാൾ മഹത്വമാർന്ന ദൈവത്തിന്റെ മഹത്വം അവൻ തിരിച്ചറിയുന്നു. അതോടെ ഈ ഭൂമിയിലെ സുഖ സൗകര്യങ്ങളിലൂടെ ദൈവാനുഗ്രഹം അവൻ അനുഭവിച്ചുതുടങ്ങും. ജീവിത ദുരിതങ്ങളിൽ നിന്ന് നരക യാതനകളെ കുറിച്ച് അവൻ ഓർമ്മിക്കും.

## 3. ഒരു മുസ്‌ലീമിന്റെ പദവി

പദവിയുടെ അടിസ്ഥാനത്തിൽ മുസ്‌ലീം ഒരു ദാഇയും അവനുചുറ്റുമുള്ളവർ മദഉമാകുന്നു. അന്ത്യ വേദമായ ഖുർആന്റെ സൂക്ഷിപ്പുകാരാണ് മുസ്‌ലീങ്ങൾ. ഖുർആനിക സന്ദേശം എല്ലാവരിലേക്കും എത്തിക്കേണ്ടത് അവന്റെ ചുമതലയാണ്. അത് നിറവേറ്റുമ്പോൾ മാത്രമെ അവന്റെ ഇഹപര ജീവിതം സഫലമാവുകയുള്ളു.

## 4. ദഅവാ പ്രവർത്തനവും സാമുദായിക പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം

ദഅവാ പ്രവർത്തനം സാമുദായിക പ്രവർത്തനത്തിൽ നിന്ന് തികച്ചും ഭിന്നമാണ്. രണ്ടിനും അതിന്റേതായ പ്രാധാന്യമുണ്ട്.

ഇഹലോക ജീവിതം പടുത്തുയർത്തുക എന്ന കാഴ്ചപ്പാടിൽ നിന്നാണ് സാമുദായിക പ്രവർത്തനത്തിന്റെ പ്രാധാന്യം ഉരുത്തിരിയുന്നത്. എന്നാൽ ദഅ്‌വാ പ്രവർത്തനത്തിന്റെ പ്രാധാന്യം ഉരുത്തിരിയുന്നത് ഒരാളുടെ പരലോക ജീവിതം പടുത്തുയർത്തുന്ന നിലപാടുകളിൽ നിന്നുമാണ്. ഇക്കാലത്ത് ശരിയായ രീതിയിൽ ദഅ്‌വാ പ്രവർത്തനം നടത്തുന്ന മുസ്‌ലീങ്ങൾ വളരെ വിരളമാണ്. എന്നാൽ, പല രാജ്യങ്ങളിലുമുള്ള മുസ്‌ലീങ്ങൾ സാമുദായിക പ്രവർത്തനം വലിയ തോതിൽ നടത്തിവരുന്നതായി കാണാം. വിദ്യാഭ്യാസം, ധനകാര്യം, സാമുദായിക പ്രശ്നങ്ങൾ എന്നിവയാണ് അവരുടെ പ്രവർത്തന മേഖല.

## 5. വലിയ ഉത്തരവാദിത്വം

പ്രവാചകൻ മുഹമ്മദിനെ(സ) മുഴുവൻ മനുഷ്യ കുലത്തിനും താക്കീതുകാരനായാണ് ഭൂമിയിലേക്കയച്ചത്. അദ്ദേഹം 63 കൊല്ലക്കാലമെ ജീവിച്ചുള്ളു. ഇഹലോകത്തോട് വിട പറഞ്ഞ് കാലമിത്രയായിട്ടും എങ്ങനെയാണ് ദിവ്യ സന്ദേശം ജനങ്ങളിൽ എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതെന്ന് ചോദിച്ചേക്കാം.

പ്രവാചകന്റെ ഉത്തരവാദിത്വം ഇപ്പോൾ നടപ്പിലാക്കേണ്ടത് അദ്ദേഹത്തിന്റെ അനുയായികളാണ്. മുഴുവൻ വിശ്വാസികളും ഖുർആനിക സന്ദേശം എത്തിക്കാനുള്ള മാധ്യമം ആകേണ്ടതുണ്ട്. മുസ്‌ലീങ്ങളും മത പണ്ഡിതരും(ഉലമാക്കൾ) മനുഷ്യ കുലത്തിന്റെ ഗുണകാംക്ഷികളും മാർഗ്ഗ ദർശ്ശികളുമാണെന്ന് സ്വയം തെളിയിക്കണം. അത്യുത്സാഹത്തോടെ അവർ അതിനുവേണ്ടി പ്രവർത്തിക്കണം.

## 6. ദഅ്‌വയുടെ ആഗോള ലക്ഷ്യം

ഒരു ഹദീസിൽ പ്രവാചകൻ പറഞ്ഞു:

“ഇസ്‌ലാമിന്റെ സന്ദേശം എത്താത്ത ചെറുതും വലുതുമായ ഒരു വീടുപോലും ഭൂമിയിൽ ഉണ്ടാവില്ല.”

പ്രവാചകന്റെ ആ ഹദീസിൽ ഇനി വരാൻ പോകുന്ന തലമുറകൾക്കുവേണ്ടിയുള്ള ഒരു പ്രവചനമുണ്ട്. അതിനർത്ഥം നിഗൂഢമായ വഴിയിലൂടെ ദിവ്യ സന്ദേശം ഓരോ വീട്ടിലും സ്വയം എത്തുമെന്നല്ല. തീർച്ചയായും അത് സംഭവിക്കുക കാര്യകാരണ

സഹിതം എന്ന തത്വം അനുസരിച്ചായിരിക്കും.

## 7. ദിവ്യ സംരക്ഷണം

***ഹേ** റസൂലേ, താങ്കളുടെ രക്ഷിതാവിങ്കൽ നിന്ന് താങ്കൾക്ക് അവതരിപ്പിക്കപ്പെട്ടത് താങ്കൾ (ജനങ്ങൾക്ക്) എത്തിച്ചുകൊടുക്കുക. അങ്ങനെ ചെയ്യാത്ത പക്ഷം താങ്കൾ അവന്റെ ദൗത്യം നിറവേറ്റിയിട്ടില്ല. ജനങ്ങളിൽ നിന്ന് അല്ലാഹു താങ്കളെ രക്ഷിക്കുന്നതാണ്. സത്യനിഷേധികളായ ആളുകളെ തീർച്ചയായും അല്ലാഹു നേർവ്വഴിയിൽ ആക്കുകയില്ല. (5:67)*

മകളിൽ ഉദ്ധരിച്ച ഖുർആൻ വചനപ്രകാരം ദൈവം അയച്ച സന്ദേശം മനുഷ്യരിൽ എത്തിക്കുന്നതിൽ മനുഷ്യ രക്ഷ ഒളിഞ്ഞിരിപ്പുണ്ട്. ദൈവത്തിന്റെ വാഗ്ദാനമാണത്. ദൈവം പ്രവാചകന് മാത്രമായി നല്കിയ ദിവ്യ വാഗ്ദാനമാണെങ്കിലും പ്രവാചക മാതൃകയിൽ ദഅവാ പ്രവർത്തനം നടത്തുന്ന ഏതൊരാളും അല്ലെങ്കിൽ ഏതൊരു കൂട്ടരും അതിന് അർഹരായിരിക്കും.

## 8. പ്രവാചകന്റെ അനുയായികളുടെ ഉത്തരവാദിത്വം

**ദൈവത്തിന്റെ** അന്ത്യപ്രവാചകനാണ് മുഹമ്മദുനബി(സ). പ്രവാചകന്മാരുടെ മുദ്രയായി അദ്ദേഹത്തെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. അതായത് മുഹമ്മദുനബിക്ക്(സ) ശേഷം ജനങ്ങളെ നേരായ പാതയിലേക്ക് ക്ഷണിക്കാൻ ദൈവം ഇനിയൊരു പ്രവാചകനെയും ഭൂമിയിലേക്കയക്കില്ല (33:40). അത് ഒരു നിഗൂഢമായ കാരണംകൊണ്ട് അല്ല. സംരക്ഷിക്കപ്പെടുന്ന ഗ്രന്ഥ രൂപത്തിലാണ് ഖുർആനിനെ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്. അതിന്റെ രക്ഷയുടെയും സംരക്ഷണത്തിന്റെയും ഉത്തരവാദിത്വം ദൈവം സ്വയം ഏറ്റെടുത്തിരിക്കുന്നു (15:9). അന്ത്യ ദിനം വരെ മനുഷ്യ കരങ്ങൾക്ക് അതിൽ യാതൊരു മാറ്റവും വരുത്താനാവില്ല. അതുകൊണ്ടുതന്നെ പുതിയ ഒരു പ്രവാചകന്റെ ആവശ്യം ഉദിക്കുന്നില്ല.

പ്രവാചകത്വത്തിന്റെ പൂർത്തീകരണം സംഭവിച്ചതിനാൽ പ്രവാചകത്വം സംരക്ഷിക്കപ്പെടുമോ എന്ന് സംശയിക്കേണ്ടതില്ല. ഇപ്പോഴത്തെ യഥാർത്ഥ പ്രശ്നം ഓരോ കാലത്തും ഓരോ തലമുറയിലുമുള്ള ജനങ്ങൾക്ക് പ്രവാചക സന്ദേശം എത്തിക്കലാണ്.

ലോക ഭാഷകളിലേക്ക് ഖുർആൻ പരിഭാഷപ്പെടുത്തി ജനങ്ങളിൽ വിതരണം ചെയ്യുക എന്നതാണ് ഇപ്പോൾ പ്രയോഗ സാധ്യമായിട്ടുള്ളത്.

## 9. ദഅവയും ഇസ്‌ലാഹും

പ്രവാചകന്റെ അനുയായികളുടെ ഉത്തരവാദിത്വം വിവരിക്കുന്ന സന്ദർഭത്തിൽ ഖുർആൻ രണ്ട് വ്യത്യസ്ത പദങ്ങൾ ഉപയോഗിച്ചതായി കാണാം: ദഅവാ ഇലല്ലാ (ജനങ്ങളെ ദൈവത്തിലേക്ക് ക്ഷണിക്കൽ), അമർ ബിൽ മഅറൂഫ് വ അൻഹ അനിൽ മുൻകർ (നല്ലതിനെ സ്വീകരിക്കലും തിന്മയെ വെടിയലും). അവ രണ്ടും പര്യായ പദങ്ങളല്ല. മറിച്ച്, രണ്ട് വ്യത്യസ്ത കർമ്മങ്ങൾ വിവരിക്കാനുപയോഗിച്ച പദങ്ങളാണ്.

അമുസ്‌ലീങ്ങളെ ഏക ദൈവത്തിലേക്ക് ക്ഷണിക്കലാണ്, ദഅവാ ഇലല്ലാ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദിവ്യ സന്ദേശം അമുസ്‌ലീങ്ങളിൽ എത്തിക്കുന്ന കർത്തവ്യത്തിന്, ദഅവാ എന്നും പ്രയോഗിച്ചിരിക്കുന്നു. അതേ ആശയം വരുന്ന വേറെ ചില പദങ്ങളും ഖുർആനിലുണ്ട്. ഇന്താർ (താക്കീത് നല്കൽ), തബ്ശീർ (സന്തോഷ വാർത്ത അറിയിക്കൽ), ശഹാദ (സാക്ഷ്യം വഹിക്കൽ) മുതലായവ.

## 10. ദഅവാ പ്രവർത്തനത്തിനുവേണ്ട ഉപാധികൾ

**വി**ശുദ്ധ ഖുർആൻ അനുസരിച്ച് ഒരു ദാഇക്ക് രണ്ട് യോഗ്യതകളുണ്ടായിരിക്കണം. ഗുണകാംക്ഷയും കലർപ്പില്ലാത്ത ദഅവയും. ഖുർആനിൽ പ്രവാചകന്റെ വഴിയായി അക്കാര്യം വിവരിച്ചിട്ടുണ്ട്:

*എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്ക് എത്തിച്ചുതരുന്നു. ഞാൻ നിങ്ങളുടെ വിശ്വസ്തനായ ഗുണകാംക്ഷിയാകുന്നു. (7:68)*

ഇവിടെ ഉപദേശകൻ അഥവാ നസീഹ് നന്മ ആശംസിക്കുന്നവൻ അഥവാ ഗുണകാംക്ഷിയും, സത്യസന്ധൻ അഥവാ അമീൻ ദൈവം അയച്ച സന്ദേശം കലർപ്പില്ലാതെ ജനങ്ങളിലേക്ക് എത്തിക്കുന്നവനുമാണ്.

നസീഹ് അഥവാ നന്മ ആശംസിക്കുന്നവൻ ആരാണ്?

ഒരാളെ പിന്തുണക്കുകയും അയാൾ ഇഹപര ലോകത്ത് വിജയിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവനാണ് നസീഹ് അഥവാ ഗുണകാംക്ഷി.

ദിവ്യ സന്ദേശത്തിൽ ദാഇ തന്റേതായി യാതൊന്നും കൂട്ടിക്കലർത്തരുത്. അതിനെയാണ് സത്യസന്ധത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശുദ്ധവും കലർപ്പില്ലാത്തുമായ ദിവ്യ സന്ദേശമാണ് ജന സമക്ഷം അവതരിപ്പിക്കേണ്ടത്.

*



# ദഅ്‌വ
## എളുപ്പമാക്കാം

**മൗലാന വഹീദുദ്ദീൻ ഖാൻ**

ഇഖ്‌വാനുർറസൂൽ എന്ന ശ്രേഷ്ഠ പദവിയിലേക്ക് അവരോധിക്കപ്പെടാൻ സാധ്യതയുള്ളവരാണ് ഇക്കാലത്തെ ദഅവാ പ്രവർത്തകർ. ആ സാധ്യതയെ തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ യാഥാർഥ്യമാക്കി മാറ്റുക എന്നത് പ്രവാചകന്റെ ഓരോ അനുയായിയുടെയും കടമയാണ്.

മുഹമ്മദ് റസൂലുല്ല (സ) പറഞ്ഞു: ‘‘പിൽക്കാലത്ത് ഇന്ത്യയിൽ ഏതാനും ചില വിഭാഗം (ഇസ്വാബ) രൂപപ്പെടും. അവർ സത്യസന്ദേശം ലോകമെമ്പാടുമുള്ള ജനങ്ങളിലേക്ക്, പ്രത്യേകിച്ച് ഇന്ത്യയിലെ ജനങ്ങളിലേക്ക് എത്തിക്കും. സ്വർഗത്തിലേക്കുള്ള പാത അവർ ജനങ്ങൾക്ക് കാട്ടിക്കൊടുക്കും.’’

**വിവർത്തനം: കെ.കെ. ഹാഷിം**

Goodword

Goodword Books
Kerala

Price: ₹ 80

9 789386 589149